# ഫോർച്യൂൺ വോയ്സ്

ശരീരത്തിലൂടെ ആത്മാവിലേയ്ക്ക്

DECEMBER 2016 VOL. 3 ISSUE. 4





അനുഗ്രഹസമ്പന്നനും കരുണാവാരിധിയുമായ ദൈവമേ, അങ്ങേ വിശ്വസ്ഥ ദാസനായ ബ്രദർ ഫോർത്തുനാത്തൂസിനെ ഞങ്ങൾക്ക് മാതൃകയും പ്രചോദനവുമായി നൽകിയതിന് ഞങ്ങൾ നന്ദി പറയുന്നു. എല്ലാവരിലും വിശിഷ്യാ രോഗികളിലും പാവപ്പെട്ടവരിലും ആവശ്യത്തിലിരിക്കുന്നവരിലും അങ്ങയുടെ തിരുമുഖം ദർശിച്ച് അവരെ ശുശ്രൂഷിക്കുകയും എന്റെ ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത് എന്ന തിരുവചനം ജീവിതത്തിൽ അന്വർത്ഥമാക്കുകയും ചെയ്ത ഈ പുണ്യപിതാവിനെ അനുകരിച്ച് ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളർന്നുവരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

കാരുണ്യവാനായ കർത്താവേ, ജീവിതകാലത്ത് അനേകർക്ക് ആശ്രയവും ആലംബവുമായിരുന്ന ദൈവദാസന്റെ ജീവിതവിശുദ്ധിയും അങ്ങേ പക്കലുള്ള മാധ്യസ്ഥ്യശക്തിയും ഏവരും അറിയുവാൻ വേണ്ടി ദൈവഹിതമെങ്കിൽ ഞങ്ങളപേക്ഷിക്കുന്നതും ഞങ്ങൾക്ക് ഏറ്റവും ആവശ്യമായിരിക്കുന്നതുമായ.... ഈ അനുഗ്രഹം നല്കി ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിനെ മഹത്വപ്പെടുത്തുവാൻ കൃപയുണ്ടാകണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും ആമ്മേൻ.

1. സ്വർഗ്ഗ. 1. നന്മ. 1. ത്രിത്വ.


## FORTUNE VOICE

Vol. 3, Issue. 4, December 2016



**Chief Editor**
Sr. Vimala George
Ph: 04868-272744

**Associate Editor**
Sr. Reena Maria

**Editor**
Sr. Moncy Francis

**Editorial Board**
Sr. Litty Xavier | Sr. Shiny Anna James
Sr. Nirmala Kuriakose | Sr. Rosy Joseph
Sr. Cicy Manuel | Sr. Lilly Treesa
Sr. Alphy Sebastian



**Printed at**

Sterling Print House (P) Ltd,
Door No : 49/1849, Ponekkara P.O.,
Cochin - 682 041

Subscription rates : single copy - 15/- Annual - 60/-


# ഉള്ളടക്കം


എഡിറ്റോറിയൽ 3

ഒരു വിശുദ്ധനോടൊത്ത് 4
ബിനു ജയിംസ്

മാംസളമായ വചനം 7
ഫാ. ഇമ്മാനുവേൽ കണിയാംപറമ്പിൽ

Fr. Jesus Etayo 9

ഓർമ്മകളിലെ സുപ്പീരിയറച്ചൻ 10
ഡോ. അബ്രാഹം

Recipe for Success 12
സി. ഡിലീഷ്യ തെരേസ്

കെടാവിളക്ക് 14
ആൻ മേരി ജേക്കബ്

കാരുണ്യതീർത്ഥം 16
ലക്ഷ്മി എസ്. കുമാർ

Bro. Donatus Forkan O H 17

കാരുണ്യയാത്ര 19
സി. നിർമ്മല കുര്യാക്കോസ്

പ്രതിരോധിച്ച് ചികിത്സിച്ച് പ്രമേഹത്തെ കീഴടക്കാം 23
ഡോ. ഹെൻലി പുന്നൻ ആൻഡ്രൂസ്

ശാന്തിയുടെ തീരങ്ങളിൽ 26
സിസ്റ്റർ സ്മിത തെരേസ്

പാവങ്ങളുടെ വഴികാട്ടി 30
ബ്രദർ പയസുകുട്ടി അഗസ്റ്റ്യൻ OH

ദീപ്തസ്മരണകൾ 32
അലിന്റ ജോർജ്ജ്

ഞങ്ങളുടെ വല്യച്ചൻ 35

വിരൽത്തുമ്പ് 37
പോസ്ററുലെൻസ്

പ്രതികരണം 39
സി. എൽസിറ്റ് ടോം, SCJG

ചിത്രകഥ 41

# കാരുണ്യനദി

''നമ്മുടെ ഹൃദയങ്ങളിൽ ആദരാത്മകതയുടെ
വിത്തുകൾ വേരോടട്ടെ
പങ്കിടാനാകും വിധം ആദരാത്മകതയുടെ
ദാനം നമ്മുടേതാകട്ടെ
നമ്മുടെ വാതിലിൽ മുട്ടുന്ന
അപരിചിതനെ സ്വീകരിക്കുമ്പോഴും
നമ്മുടെ മേശയിൽ നാം അവരോടൊത്തു പങ്കിടുമ്പോഴും
ആവശ്യമുള്ളവർക്കു നേരേ നമുക്ക് കരങ്ങൾ നീട്ടാം
അവരുടെ കഥകൾ കേൾക്കാനായി അവരോടൊപ്പം നടക്കാം
അപ്രതീക്ഷിതമായി കടന്നുവരുന്നവനു നേരേ
നമ്മുടെ ഹൃദയങ്ങൾ തുറന്നിടാം
അങ്ങനെ അവർ ഒരിക്കലും നമുക്ക്
അപരിചിതർ ആകാതിരിക്കട്ടെ''

ദൈവസ്നേഹം നമ്മോടു പങ്കുവയ്ക്കാൻ നമ്മുടെയിടയിലേയ്ക്കു വന്ന ഒരു മനുഷ്യനുണ്ടായിരുന്നു, ബ്രദർ ഫോർത്തുനാത്തൂസ്. ചിലർ അങ്ങനെയാണ്, മരിച്ചിട്ടും മരിക്കാത്ത ഓർമ്മകളുമായി ഒരു നദിയായി ഒഴുകുകയാണ്. നദി ഒരു പ്രതീകമാണ്. നദി നമ്മെ പലതും ഓർമ്മിപ്പിക്കുന്നു, നദി എല്ലാററിനെയും നിർമ്മലമാക്കുന്നു, എല്ലാ മാലിന്യങ്ങളും തന്നിലേയ്ക്കേറ്റു വാങ്ങി എല്ലാം പൊറുത്ത്, ക്ഷമിച്ച് , പൊള്ളുന്ന നെഞ്ചിനെ തണുപ്പിച്ചും തലോടിയും നമ്മുടെ നഗ്നതയെ പരിഗണിക്കാതെയും നദി ഒഴുകുകയാണ്. ഫോർത്തുനാത്തൂസ് ഹൈറേഞ്ചിലെ പാവങ്ങൾക്ക് തണുപ്പിക്കുന്ന ഒരു സാന്നിധ്യമായിരുന്നു. ഹൈറേഞ്ചിലെ ഇരുണ്ട വനഭൂമിയ്ക്കുള്ളിലെ കുടിയേറ്റമക്കൾക്ക് ആശ്വാസൗഷധമായി ഫോർത്തുനാത്തൂസ് എന്ന നദി ഒഴുകി. അവരുടെ ആത്മനൊമ്പരങ്ങൾ നേരിട്ടറിയുവാൻ അദ്ദേഹം അവരുടെ വീടുകൾ സന്ദർശിച്ചു. അവരുടെ ഇല്ലായ്മകളും ദാരിദ്ര്യവും അദ്ദേഹത്തെ നൊമ്പരപ്പെടുത്തി. അടിസ്ഥാനാവശ്യങ്ങൾ പോലും നിഷേധിക്കപ്പെടുന്ന ഒരു ജനത ഇവിടെ ജീവിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം അവരിലൊരാളായി അനേകർക്ക് സ്നേഹത്തിന്റെ മരുന്നായി,അന്നമില്ലാത്തവർക്ക് അന്നമായി, വസ്ത്രമില്ലാത്തവർക്ക് വസ്ത്രമായി, കൂരയില്ലാത്തവർക്ക് കൂരയായി ഹൈറേഞ്ചിലെ മലമടക്കുകളിലൂടെയും കുന്നിൻ ചെരുവിലും സമതലങ്ങളിലും താഴ്‌വരകളിലൂടെയും ഒഴുകിയിറങ്ങിയ ഒരു പുഴയുടെ സാന്നിധ്യമായിരുന്നു നമ്മുടെ വല്യച്ചൻ. നവംബർ 21 അദ്ദേഹത്തെ ദൈവദാസപദവിയിലേയ്ക്ക് ഉയർത്തിയതിന്റെ രണ്ടാം വാർഷികം അനുസ്മരിക്കുമ്പോൾ അദ്ദേഹത്തിന്റെ പുണ്യസാന്നിധ്യം നിറഞ്ഞു നിൽക്കുന്ന കബറിടത്തിലേയ്ക്ക് അനേകരുടെ സ്നേഹപ്രവാഹം. ക്രിസ്തു പറഞ്ഞു "''വിശ്വസിക്കുന്നവന്റെ നെഞ്ചിൽ നിന്നും നദി ഒഴുകുമെന്ന്'' (jn 7/37 38). അതേ, ഫോർത്തുനാത്തൂസ് എന്ന ഭാഗ്യവാന്റെ നെഞ്ചിലൂടെ ഒഴുകിയ സ്നേഹത്തിന്റെയും കാരുണ്യത്തിന്റേയും സഹാനുഭൂതിയുടെതുമായ നീർച്ചാലിൽ കുളിച്ചു കയറിയവരാണ് നാമെല്ലാം. അദ്ദേഹത്തെ പോലെ ആദരാത്മകതയുടെ ഒരു നദിയാകുവാൻ നമുക്കും സാധിക്കും. അഗാധമായ സ്നേഹത്തിൽ നിന്നുമാണ് എല്ലാ ഈർപ്പങ്ങളും ആരംഭിക്കുന്നത്. ഫോർത്തുനാത്തൂസിന്റെ ആശ്രമങ്ങളും അനുബന്ധ സ്ഥാപനങ്ങളും മറ്റുള്ളവർക്ക് പ്രതീക്ഷ നൽകുന്ന തണുപ്പുള്ള ഇടങ്ങളാണ്. സങ്കീർത്തകൻ പറയുന്നു, എത്രദിവസമുണ്ട് നമുക്കീഭൂമിയിൽ...." ഏറിയാൽ എൺപത്തിയഞ്ച്. ഒരു ആത്മശോധന: ഞാൻ ഒരു നദിയാണോ? എങ്ങോട്ടാണ് ഞാൻ ഒഴുകുന്നുന്നത്? കുറേക്കൂടി ഈർപ്പമുള്ള വ്യക്തിയാകുവാൻ സ്നേഹസേവനങ്ങളിലൂടെ നിലയ്ക്കാത്ത ഒരു നദിയായി ഒഴുകുവാൻ ദൈവദാസന്റെ ജീവിത മാതൃക നമ്മെ സഹായിക്കട്ടെ എന്നാശംസിക്കുന്നു.

ഫോർത്തുനാത്തൂസ് എന്ന നദിയുടെ സ്നേഹതീരത്ത് ഇരിക്കാനും അദ്ദേഹം നട്ട ചെടികളെ നനയ്ക്കാനും ഒരവസരം തന്നതിന് സർവ്വേശ്വരന് നന്ദി. 'ഫോർച്യൂൺ വോയ്സ്'" എന്ന ചെറുചെടി നടുവാനും വളർത്തുവാനും കൈകോർത്തതിൽ ചാരിതാർത്ഥ്യം ഉണ്ട്. ഏവർക്കും സ്നേഹ വന്ദനം......"വിരമിക്കുന്നു.

"''ദൈവമേ പകൽ മേഘസ്തംഭമായും രാത്രി അഗ്നിയായും അങ്ങയുടെ സ്നേഹം കൊണ്ട് എന്നെ പൊതിയണമേ.''


ഏവർക്കും ക്രിസ്തുമസിന്റേയും പുതുവത്സരത്തിന്റേയും മംഗളങ്ങൾ ആശംസിക്കുന്നു.



സ്നേഹപൂർവ്വം
**സി. വിമല. ജി**



# ഒരു വിശുദ്ധനോടൊത്ത്...



ബിനു ജയിംസ്

**വി**ശുദ്ധി, പുണ്യം എന്നിവയൊക്കെ നാം ധാരാളമായി ഉപയോഗിക്കാറുള്ള പദങ്ങളാണല്ലോ, എന്നാൽ പ്രാർത്ഥനയുടെ, ജീവിത വിശുദ്ധിയുടെ, നിസ്വാർത്ഥ സേവനത്തിന്റെ ആൾരൂപമായ ഒരു വിശുദ്ധനോടൊത്ത് ജീവിക്കുവാൻ ഭാഗ്യം ലഭിക്കുക എന്നത് അവർണ്ണനീയമാണ്.

നമുക്കിടയിൽ ഇന്ന് ഉള്ളു തുറന്നു ചിരിക്കാൻ സാധിക്കുന്ന എത്ര പേരുണ്ട്. ഇതു പറയുമ്പോൾ എന്റെ മനസ്സിൽ തെളിയുന്ന ചിരിക്കുന്ന മുഖം ഹൈറേഞ്ചിന്റെ വല്യച്ചനായി ജനഹൃദയങ്ങളിൽ ഇടം നേടിയ ബ്രദർ ഫോർത്തുനാത്തൂസിന്റേതാണ്. നൂറു ശതമാനവും ഹൃദയത്തിൽ നിറഞ്ഞു നിന്ന ദൈവീകാനന്ദത്തിൽ നിന്നും പുഞ്ചിരിക്കുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ആ നിഷ്കളങ്കതയ്ക്കു പിന്നിൽ തിളങ്ങി നിന്ന ഒരു സത്യം നാം തിരിച്ചറിയണം. അത് ഇതാണ് Malice towards none, but charity for all. ഇത് കടമെടുത്ത വാക്കുകളാണെങ്കിലും അദ്ദേഹത്തെ സംബന്ധിച്ച് അത് തികച്ചും അന്വർത്ഥമാണ്.. മറ്റുള്ളവരിൽ, പ്രത്യേകിച്ച് പാവപ്പെട്ടവരിലും, രോഗികളിലും അദ്ദേഹം ഈശോയെ ദർശിച്ചിരുന്നു എന്ന ഒരുനുഭവമാണ് എല്ലായ്പ്പോഴും ഉണ്ടായിട്ടുള്ളത്. ഒരിയ്ക്കലും അദ്ദേഹം ഒരു മനുഷ്യന്റേയും കുറവുകളിലേയ്ക്കു കണ്ണോടിച്ചിട്ടില്ല. മറിച്ച് അദ്ദേഹത്തിന്റെ പുഞ്ചിരിയിൽ പൂർവ്വപിതാവായ അബ്രാഹം ദൈവത്തിന്റെ മാലാഖമാരെ പുഞ്ചിരിയോടെ സ്വഭവനത്തിൽ സ്വീകരിച്ച ഒരു പ്രതീതി ആണ് ഉണ്ടായിട്ടുള്ളത്.

ഒരിയ്ക്കൽ ഒരു മധ്യാഹ്നത്തിൽ ഒരു സ്ത്രീ അവളുടെ കുട്ടിയുമായി ബ്രദേഴ്സ് ഭവനത്തിന്റെ വാതിൽക്കൽ നിൽക്കുകയായിരുന്നു. ഒറ്റനോട്ടത്തിൽ തന്നെ ആ സ്ത്രീ അവിടെ നിത്യ

സന്ദർശകയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. അല്പം സങ്കോചത്തോടെ വല്യച്ചനോടു ഞാൻ പറഞ്ഞു "''അച്ചാ ഈ സ്ത്രീ എല്ലാ ദിവസവും ഇവിടെ വന്ന് സഹായം സ്വീകരിക്കാറുണ്ട്. ഇവർ നമ്മളെ പറ്റിക്കുന്നതായിട്ടാണ് എനിക്കു തോന്നുന്നത്.'' വാർദ്ധക്യവും ശാരീരിക ബുദ്ധിമുട്ടുകളും ഓർമ്മക്കുറവും തളർത്തിയിരുന്ന സമയമായിരുന്നിട്ടു കൂടി അദ്ദേഹത്തിന്റെ മറുപടി ആരെയും ഇരുത്തി ചിന്തിപ്പിക്കുന്ന ഒന്നായിരുന്നു. അദ്ദേഹം പറഞ്ഞതിതാണ്, "''ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നാമെല്ലാം മറ്റുള്ളവരെ പറ്റിച്ചുകൊണ്ടല്ലേ ഇരിയ്ക്കുന്നത്. ആരെയും വിധിക്കാൻ നമുക്ക് അവകാശമില്ല.''

വല്യച്ചനെക്കുറിച്ചുള്ള ഓർമ്മകൾക്ക് ഏറ്റവും കൂടുതൽ മധുരം നൽകുന്നത് അദ്ദേഹത്തിന്റെ ആത്മീയ ജീവിതത്തിലാണ്. പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്നു അദ്ദേഹം. പ്രാർത്ഥനയിൽ നിന്നും ഉയിർക്കൊള്ളുന്ന ശക്തി ആയിരുന്നു അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾക്ക് എന്നും നിദാനമായി തീർന്നത്. പതിറ്റാണ്ടുകൾക്കു മുമ്പുള്ള ഹൈറേഞ്ചിലെ കാലാവസ്ഥയെക്കുറിച്ച് മനസ്സിലാക്കിയിട്ടുള്ള എല്ലാവർക്കും അറിയാം അവിടുത്തെ മഴയുടേയും തണുപ്പിന്റേയും കാഠിന്യം. തോരാതെ പെയ്യുന്ന മഴയും കൊടും തണുപ്പും..." ജീവിതത്തിന്റെ അന്ത്യനാളുകളിലും പുലർക്കാലേ ഉണർന്ന് അദ്ദേഹം കൊന്ത ചൊല്ലുമായിരുന്നു. ഉറക്കത്തിലും കൊന്ത കൈകളിൽ എപ്പോഴും ഉണ്ടായിരുന്നു. അവസാന നാളുകളിൽ കാഴ്ച കുറവ് അദ്ദേഹത്തെ വല്ലാതെ ബുദ്ധിമുട്ടിച്ചിരുന്നു. ബൈബിൾ വായിക്കാനും എഴുതാനും അദ്ദേഹം ഒരുപാട് ആഗ്രഹിച്ചിരുന്നു. ഡോക്ടറുമ്മാരുടെ അടുത്ത് പോകുമ്പോഴെല്ലാം അദ്ദേഹം ആവശ്യപ്പെട്ടിരുന്നത് വായിക്കാൻ പറ്റുന്ന ഒരു കണ്ണാടി വേണമെന്നാണ്. അച്ചോ അച്ചനിതിൽ കൂടുതൽ പവർ ഉള്ള കണ്ണാടി ഇനി കിട്ടില്ല എന്നുള്ള ഡോക്ടർ അബ്രാഹത്തിന്റെ വാക്കുകൾക്കു സൗമ്യമായ ഒരു ചിരി മാത്രമായിരുന്നു മറുപടി. കൂദാശകൾ ഉൾക്കൊള്ളുന്നതിൽ



അതീവ ശ്രദ്ധാലുമായിരുന്നു അദ്ദേഹം. കൂടെ കൂടെ കുമ്പസാരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മാസധ്യാനത്തിൽ കുമ്പസാരം പതിവായിരുന്നു. നൂറു ശതമാനം സന്യാസ ജീവിതത്തോട് വിശ്വസ്തനായിട്ടാണ് അദ്ദേഹം ജീവിച്ചത്.


അധികാരമോ സ്ഥാനമാനങ്ങളോ അദ്ദേഹത്തെ ഒരിക്കലും ലഹരി പിടിപ്പിച്ചിട്ടില്ല. കട്ടപ്പന ഇന്ന് നാം കാണുന്ന കട്ടപ്പന ആയതിന്റെ പിന്നിൽ പ്രവർത്തിച്ച ഒരൊററ വ്യക്തി ആരാണ് എന്ന ചോദ്യത്തിന്റെ ഉത്തരം മറ്റാരിലും ചെന്ന് നിൽക്കില്ല, ബ്രദർ ഫോർത്തുനാത്തൂസിൽ അല്ലാതെ. അത്രയേറെ കാര്യങ്ങൾ ചെയ്ത അദ്ദേഹത്തിന് തീർച്ചയായും അഹങ്കരിക്കാനും അഭിമാനം കൊള്ളുവാനും കഴിയുമായിരുന്നു. എന്നാൽ സെന്റ് ജോൺ ഓഫ് ഗോഡിന്റെ യഥാർത്ഥ അനുയായിയായ അദ്ദേഹം ഈ ലോകത്തിന്റെ നേട്ടത്തിൽ അല്ല," മറിച്ച് വിശുദ്ധിയുടെ മറുലോകത്താണ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്.

വിശുദ്ധി എന്നത് എല്ലാ കാര്യത്തിലും പാലിച്ചിരുന്ന ഒരു വ്യക്തി ആയിരുന്നു ബ്രദർ ഫോർത്തുനാത്തൂസ്.ഒരിക്കലും അദ്ദേഹം കഴിഞ്ഞകാല ജീവിതത്തെക്കുറിച്ച് ആകുലനായിരുന്നില്ല. എനിക്കത് ചെയ്യാനായില്ല, കുറച്ചുകൂടി നന്നായി പ്രവർത്തിക്കാമായിരുന്നു വെന്നു തുടങ്ങിയ

**ഈ ലോകത്തിന്റെ നേട്ടത്തിൽ അല്ല, മറിച്ച് വിശുദ്ധിയുടെ മറുലോകത്താണ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്.**

ചിന്തകളൊന്നും അദ്ദേഹത്തെ അലട്ടിയിരുന്നില്ല. അതാതു നിമിഷങ്ങളിൽ ജീവിച്ച വ്യക്തിയായിരുന്നു ബ്രദർ ഫോർത്തുനാത്തൂസ്.

കുട്ടികളോടൊത്തുള്ള നിമിഷങ്ങൾ ഏറെ അദ്ദേഹം ആസ്വദിച്ചിരുന്നു. കൈത്തിരിയിലേയും പ്രതീക്ഷാഭവനിലേയും കുട്ടികളെ അദ്ദേഹത്തിന് ഒരുപാടിഷ്ടമായിരുന്നു. അവർക്കായി തനിയ്ക്കു കിട്ടുന്ന ചോക്ലേറ്റുകളെല്ലാം അദ്ദേഹം കരുതിവച്ച് നൽകുമായിരുന്നു. നിസ്വാർത്ഥ സേവനം മുഖമുദ്രയാക്കിയ വല്യച്ചന്റെ കർമ്മമണ്ഡലമായിരുന്നു പ്രതീക്ഷാഭവൻ എന്നത് എല്ലാവർക്കും അറിയാം. അവസാന നാളുകളിൽ എല്ലാവരേയും കാണാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഒട്ടുമിക്ക ദിവസങ്ങളിലെ സായാഹ്നങ്ങളിലും അദ്ദേഹം അവിടെ പോകുമായിരുന്നു. നടക്കാൻ പറ്റാത്ത നാളുകളിൽ വീൽചെയറിലായിരുന്നു അദ്ദേഹത്തിന്റെ സന്ദർശനം. ഏറ്റവും അവശതയനുഭവിക്കുന്ന രോഗികളുടെ അടുത്തായിരുന്നു അദ്ദേഹം കൂടുതൽ സമയവും ചിലവഴിച്ചിരുന്നത്. അധികാരവും പണവും കൈയ്യിലില്ലാതിരുന്ന വല്യച്ചന്റെ അവസാന നാളുകളിൽ ബ്രദേഴ്സിന്റെ ഭക്ഷണശാലയിൽ നിന്നും ലഭിച്ചിരുന്ന പഴവും മിഠായിയും പ്രതീക്ഷാഭവനിലെ ഗോപിക്കും മത്തായിക്കും വേണ്ടിയായിരുന്നു അദ്ദേഹം മാറ്റിവച്ചിരുന്നത്. വളരെ നേരം നിശബ്ദനായി അവരുടെയരുകിലിരിക്കുന്ന വല്യച്ചനിൽ ഒരു വിശുദ്ധനെ ദർശിക്കാൻ അന്നേ കഴിയുമായിരുന്നു. അദ്ദേഹത്തിന്റെ സാമീപ്യം അവർക്കു ശക്തി ലഭിക്കുന്ന ഒന്നായിരുന്നു. അവരുടെ ശാരീരിക വേദനകൾ അദ്ദേഹം ഈശോയുടെ കുരിശിനോട് ചേർത്ത് പ്രാർത്ഥിക്കുന്ന കാഴ്ച നമുക്കേവർക്കും പ്രചോദനാത്മകമായിരുന്നു.



ഒരു വിശുദ്ധനായ മനുഷ്യന്റേയും അതേസമയം ഒരു സാധാരണ മനുഷ്യന്റേയും ജീവിതത്തിനും അന്ത്യത്തിനും ഒരുപോലെ സാക്ഷ്യം വഹിക്കാൻ ഭാഗ്യം ലഭിച്ച നല്ല നാളുകളെ ഏറ്റവും അനുഗ്രഹീത നിമിഷങ്ങളായി ഞാൻ കരുതുന്നു. വിശുദ്ധി എന്നത് എല്ലാ മനുഷ്യർക്കും പ്രാപ്യമായ ഒരു അവസ്ഥയാണ്. അത് എങ്ങനെ നാം ജീവിതത്തെ നേരിടുന്നു എന്നതിൽ ആണ് ഉൾക്കൊണ്ടിരിക്കുന്നത്. വല്യച്ചനോടൊത്തു വിശുദ്ധരാകുവാൻ വിളിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. അദ്ദേഹം കാണിച്ചു തന്ന ലാളിത്യത്തിന്റെ, ആതിഥ്യമര്യാദയുടെ സഹാനുഭൂതിയുടെ മാർഗ്ഗങ്ങൾ നമ്മുടെ ജീവിതങ്ങളെയും നിറവുള്ളതാക്കട്ടെ.

**"''ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നാമെല്ലാം മറ്റുള്ളവരെ പറ്റിച്ചുകൊണ്ടല്ലേ ഇരിയ്ക്കുന്നത്. ആരെയും വിധിക്കാൻ നമുക്ക് അവകാശമില്ല.''**



# മാംസളമായ വചനം



ഫാ. ഇമ്മാനുവേൽ കണിയാംപറമ്പിൽ OCD

**വ**ചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. (യോഹ 1:14). എന്തിനാണ് വചനം മാംസമായത്. ഇത് മനസ്സിലാക്കാൻ ആരാണ് ഈ വചനം എന്ന് നാം അറിയണം. വിശുദ്ധ യോഹന്നാൻ ഇത് ആദ്യമേ പഠിപ്പിച്ചു. ''വചനം ദൈവമായിരുന്നു'' (യോഹ 1:1). കൂടാതെ ''സമസ്തവും വചനത്തിലൂടെയാണ് ഉണ്ടായത്''. (യോഹ 1:3)എന്നും അപ്പോൾ ദൈവം തന്നെയായ വചനം, സൃഷ്ടാവായ വചനം, എന്നെ സൃഷ്ടിച്ച വചനം, ഇപ്പോൾ എന്നെപ്പോലെ മാംസം ധരിച്ചിരിക്കുന്നു. ഇത് എന്തിനു വേണ്ടിയാണ്. തീർച്ചയായും എന്നെപ്പോലെയായത് എനിക്കുവേണ്ടിയാണ്. അതാണല്ലോ സ്നേഹം!. ഏറ്റവും ഉന്നതമായ സ്നേഹം!.

മാംസമായ, മനുഷ്യനായ ഈ ദൈവത്തിലേയ്ക്ക് ഉറ്റുനോക്കാനുള്ള പ്രത്യേകമായ സമയമാണ് ആഗമനകാലവും ക്രിസ്തുമസും, നിത്യമായ വചനത്തിന്, ദൈവപുത്രന് ഇപ്പോൾ മാംസമായതിലൂടെ ഒരു മുഖം ഉണ്ട്. മനുഷ്യ മുഖം. അത് നമുക്ക് ദൃശ്യമാണ്. നമുക്ക് വചനത്തിന്റെ മനുഷ്യരൂപത്തിലേയ്ക്ക് നോക്കാം. അവിടുന്ന് ദൈവപുത്രനായ യേശുക്രിസ്തു ശിശുവായി ജനിച്ച ഈശോ ഇതാ നമ്മെ നോക്കി പുഞ്ചിരിക്കുന്നു. മനുഷ്യന്റെ ഏറ്റവും മനോഹരമായ ഭാവം പുഞ്ചിരിയാണ്. ഇത് മനുഷ്യർക്ക് മാത്രമുള്ളത്. മൃഗങ്ങൾക്ക് ഇല്ലാത്തതാണ്. അതുകൊണ്ട് ദൈവത്തിന്റെ ദൈവപുത്രന്റെ പുഞ്ചിരി നമുക്ക് ക്രിസ്തുമസ് സമയത്ത് ധ്യാനിക്കാം. അവിടുന്ന് നമ്മുടെ കൂടെയായിരുന്നുകൊണ്ട് നമുക്ക് തന്റെ പുഞ്ചിരിയിലൂടെ ദൈവിക സന്തോഷം നൽകുന്നു. ഈ

ദൈവിക സന്തോഷത്തിന്റെ പുഞ്ചിരി സ്വീകരിച്ച് ക്രിസ്തുമസ് കാലത്ത് ഇത് നമുക്ക് എല്ലാവർക്കും കൊടുക്കാം. ദൈവം നമ്മെ സന്തോഷിപ്പിച്ചുവെങ്കിൽ നമുക്കും എല്ലാവരേയും സന്തോഷിപ്പിക്കാം. അതാണ് ക്രിസ്തുമസ്. സ്വയം മററുള്ളവർക്ക് നൽകുന്നതിന്റെ സന്തോഷം ദൈവം സ്വയം മനുഷ്യന് നൽകിയപ്പോൾ ദൈവം നമ്മുടെ ദൈവമായി. ദൈവം ഇപ്പോൾ അകലെയല്ല, മറിച്ച് നമ്മോടുകൂടെ; നമ്മിൽ; നമ്മുടെയുള്ളിൽ മാംസമായ വചനത്തോടെ നമ്മുടെയുള്ളിൽ വസിച്ചുകൊണ്ട് നമ്മുടെ ജീവിതത്തെ മാറ്റണമേയെന്ന് പ്രാർത്ഥിക്കാനും ക്രിസ്തുമസ് സമയം നമുക്ക് ഉപയോഗിക്കാം

അവസാനമായി വചനം മാംസമായപ്പോൾ, ദൈവം മനുഷ്യനായപ്പോൾ ദൈവത്തിന്റെ മുഖത്തെ പുഞ്ചിരി ആദ്യം കണ്ട് ഏറ്റവും ആനന്ദിച്ചത് ആരാണ്?. വചനത്തിന് മാംസം കൊടുത്ത പരിശുദ്ധ അമ്മയാണ്. എങ്ങനെ വചനത്തെ, ദൈവപുത്രനെ സ്വീകരിച്ച് ആ ഹൃദ്യമായ പുഞ്ചിരി ആസ്വദിച്ച് ജീവിതം സന്തോഷപ്രദമാക്കണമെന്ന് പരിശുദ്ധ അമ്മ തന്നെ നമ്മെ പഠിപ്പിക്കുന്നു. പരിശുദ്ധ മറിയത്തിന്റെ കണ്ണുകളിലൂടെ ഉണ്ണിയേശുവിന്റെ പുഞ്ചിരി നമുക്ക് സ്വീകരിക്കാം. പരിശുദ്ധ അമ്മ ഉണ്ണിയേശുവിനെ നമ്മിലേയ്ക്ക് ഈ ക്രിസ്തുമസ് കാലത്ത് കൊണ്ടുവരട്ടെ!. **Merry Christmas** മാത്രമല്ല **Mary Christmas** ഉം നമുക്ക് വേണം. പരിശുദ്ധ മറിയത്തോടൊപ്പം ഉണ്ണിയേശുവിനെ ആരാധിക്കാം.... സ്നേഹിക്കാം.



**“സ്വയം മററുള്ളവർക്ക് നൽകുന്നതിന്റെ സന്തോഷം ദൈവം സ്വയം മനുഷ്യന് നൽകിയപ്പോൾ ദൈവം നമ്മുടെ ദൈവമായി.**



**Fr. Jesus Etayo**

II servo di Dio Fra Fortunatus Thanhauser (al secolo Bernardo) nacque a Berlino il 27 febbraio 1918. Maggiore di tre fratelli egli trascorse l'infanzia e l'adolescenza a Volpersdorf(oggi Woliborz), un piccolo della Silesia. Nel 1935 entro a Breslau (oggi Wrclaw),nell'Ordine dei Fatebenefratelli e venne ammesso al Noviziato il 20 settembre dello stesso anno. Emessa la Professione semplice il 21 novembre 1936, dopo aver atteso dieci anni, a causa dell' ostracismo delle autorita naziste e dello scoppio della seconda guerra mondiale, nel 1946 pote emettere anche quella solenne.

Fra Fortunatus si qualifico, prima come infermiere e poi come assistente tecnico medico, lavorando nell' ospedale dei Fatebenefratelli di Breslau fino al 1950, quando tutti i confratelli tedeschi vennero espulsi e dettero origine in Germania alla Provincia Renana (oggi confluita nella Provincia Bavarese), della quale fu Superiore Provinciale dal 1959 al 1968 ed uno dei maggiori protagonisti e del suo sviluppo.

Accogliendo le richieste dell' arcivescovo di Changanacherry in visita a Francoforte, questa giovane Provincia religiosa decisa, nel 1969 di fondare un' opera missionaria in India, incaricando del progetto Fra Fortunatus chea lloraaveva51anni,insiemeadaltridueconfratelli. Nel 1967 Fra Fortunatus fece un viaggio di ricognizione e decise di fondare ed avviare l' ospedale a Kattappana, nello Stato federale del Kerala, situato in una zona montuosa di circo 1000 metri, allorazona in via di sviluppo e afflitta da una spaventosa poverta.

Il 15 novembre 1969, accompagnato da Fra Prakash, una delle nuova vocazioni indiane, Fra Fortunatus riusci ad inaugurare nel 1971 un ospedale, che e il presidio sanitario piu importante della regione e affiancato da una Scuola Infermieristica di livello accademico. Inoltra risollevo dalla miseria la gente con una serie di iniziative sociali, non solo distribuendo gratis indumenti, alimenti e medicine, ma aiutandola a contruisi piccole case in murature e pozzi e ad allevare capre. Egliapri residenze per anziani ed emarginati, che visitava giornalmenta, perfino negil ultimi anni, quando ormai vecchio e malfermo poteva muoversi solo con un bastone e poi in carrozzella. Fra Fortunatus merito di essere chiamato "Padre dei poveri" per queste sue milteplici iniziative.

La missione indiana ando accrescendosi di nuove fondazioni a Poonamalle (1981), grazie all' instancabile impegno di Fra Alfons Horing, a Deshgaon (1985), a Vellor (1997), a Trichy (2005). L'8 settembre 1977 fondo la Congregazione delle Suore della Carita di San Giovanni di Dio, che ottenne nel 1994 il riconoscimento diocesano. Esse vivono il carisma e la spiritualita di San Giovanni di Dio assistendo poveri, malati e bisognosi; sono circaun centinaio con comunita non slol in India, ma anche in Austria, Germania, Italia e Spagna.


Fra Fortunatus, affettoda una lunga malattia, fu ricoverato in una stanza dell' ospedale, da lui fondato; quando era possibile, si faceva potare nella comunita dei confratelli e, soprattutto, nella sua " Casa dei Poveri". Eglimori in concetto disantita il 21 novembre 2005, all' eta di 87 anni.

Il 22 novembre 2014, nella chiesa parrocchiale di Kattappana, alla presenza dioltre diecimila persone, tra le quali molti dei suoi confratelli e Suore della Carita di San Giovanni di Dio, duranta una solenne celebrazione eucaristica presieduta dal vescovo Mons. Matteo Arackal, e stato aperto il processo ordinario di beatificazione e canonizzazione tuttora in corso.



# ഓർമ്മകളിലെ സുപ്പീരിയറച്ചൻ...

''Jesus has come" എന്നു പറഞ്ഞ് ഓടിച്ചെന്ന് കെട്ടിപ്പിടിക്കുമായിരുന്നു എന്ന്. പാവങ്ങളെ സഹായിക്കുക എന്ന ഏക ലക്ഷ്യം മാത്രമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്.



**ഡോ. അബ്രാഹം. ഒഫ്ത്താൽ മോളജിസ്ററ്**

**പു**ണ്യജന്മങ്ങൾ എന്നും സൗരഭ്യം പരത്തും. അതേ കട്ടപ്പന എന്ന മലയോര പ്രദേശം ഇന്ന് വല്യച്ചൻ എന്ന പുണ്യത്മാവിന്റെ നന്മകളാൽ പൂരിതമാണ്. അദ്ദേഹത്തെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ മനസ്സ് 1980 കളിൽ പതിഞ്ഞ ഒരു ചിത്രത്തിലേയ്ക്കാണ് പോവുക. ഒരു കാലിൽ മഞ്ഞവള്ളിയും മറ്റേ കാലിൽ നീലവള്ളിയുമുള്ള തേഞ്ഞ ചെരുപ്പുമിട്ട് അധികം സംസാരിക്കാത്ത എപ്പോഴും പാവങ്ങളോടു കൂടെ നടക്കുന്ന ഒരു സായിപ്പച്ചൻ. ഞങ്ങളദ്ദേഹത്തെ സുപ്പീരിയറച്ചൻ എന്നാണ് വിളിച്ചിരുന്നത്. ആതുര ശുശ്രൂഷ രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തി എന്ന നിലയിൽ അദ്ദേഹത്തിന്റെ ശുശ്രൂഷാത്മക ജീവിതം എനിക്കെന്നും പ്രചോദനകരമായിരുന്നു. ഒരിയ്ക്കൽ എന്റെ സഹപ്രവർത്തകനായ സർജൻ പറഞ്ഞത് ഞാനോർക്കുന്നു പാവപ്പെട്ട രോഗികൾ വരുമ്പോൾ

അന്നൊക്കെ അദ്ദേഹം രാവിലെ ആശുപത്രിയിലെ ജനറൽ വാർഡിൽ വന്ന് കൂടെനിൽക്കുവാൻ ആളില്ലാത്ത മലമൂത്രവിസർജനത്തിൽ കിടക്കുന്ന കിടപ്പുരോഗികളെ കുളിപ്പിച്ച് അവിടുത്തെ ബാത്ത് റൂം ഒക്കെ നോക്കി വൃത്തികേടായി കിടക്കുകയാണെങ്കിൽ അദ്ദേഹം തന്നെ അത് വൃത്തിയാക്കി പോകുമായിരുന്നു. ഞങ്ങളുടെ വീട്ടിൽ നിന്നിരുന്ന ജോലിക്കാരന്റെ അപ്പൻ ജയവേൽ മിക്കവാറും സുഖമില്ലാതെ ജനറൽ വാർഡിലായിരുന്നു എപ്പോഴും സുപ്പീരിയറച്ചൻ അദ്ദേഹത്തെ കാണാൻ ചെല്ലുകയും പോക്കറ്റിൽ നിന്ന് പുഴുങ്ങിയ മുട്ടയും ഏത്തയ്ക്കയും ഒക്കെ എടുത്ത് കൊടുക്കുമായിരുന്നു. ലോൺട്രിയിൽ ജോലിയ്ക്കു നിന്നിരുന്ന സെൻസിലാവോസിന് ചിക്കൻ പോക്സ് വന്നപ്പോൾ ആരും സഹായിക്കാനില്ലായിരുന്നു. സുപ്പീരിയറച്ചൻ അരിയും സാധനങ്ങളുമായി സഹായത്തിനൊരാളേയും കൂട്ടി രോഗം മാറുന്നതു വരേ എന്നും ഭക്ഷണവും മരുന്നും നൽകി

സെൻസിലാവോസിനെ ശുശ്രൂഷിച്ചു. തമിഴ്നാട്ടിൽ ക്യാമ്പിനു പോകുമ്പോൾ ക്യാമ്പിൽ സംബന്ധിക്കുവാൻ സുപ്പീരിയറച്ചന് വലിയ താത്പര്യമായിരുന്നു. കാരണം കേരളത്തിലേക്കാൾ കൂടുതൽ സഹായത്തിന് അർഹതയും ആവശ്യവും ഉള്ളവർ തമിഴ്നാട്ടിലാണെന്ന് അദ്ദേഹത്തിന് ബോധ്യമായിരുന്നു.

മറ്റു ബ്രദേഴ്സ് താമസിച്ചിരുന്നിടത്തായിരുന്നില്ല അദ്ദേഹം താമസിച്ചിരുന്നത്. ചാപ്പലിനോടടുത്ത് ഒരു ചെറിയ മുറിയിൽ വീഞ്ഞപ്പെട്ടിയടുപ്പിച്ച് അതിലാണ് കിടന്നിരുന്നത്. പാവപ്പെട്ടവർക്ക് എപ്പോൾ വേണമെങ്കിലും വന്നുകാണാനും സഹായം ചോദിക്കാനും സൗകര്യമുള്ള മുറിയായിരുന്നു അത്. ഒരു ദിവസം അദ്ദേഹത്തെ പള്ളിയിൽ കാണാഞ്ഞപ്പോൾ മുറിയിൽ ചെന്നു നോക്കിയപ്പോൾ അദ്ദേഹത്തിന്റെ കാലിലെ വേരിക്കോസ് വെയിനിൽ നിന്നും രക്തം വാർന്ന് ബോധരഹിതനായി അദ്ദേഹം കിടക്കുകയായിരുന്നു. അതുകഴിഞ്ഞാണ് അദ്ദേഹം ഹൗസിലേയ്ക്ക് കിടപ്പു മാറ്റിയത്. ഭക്ഷണം വേയ്സ്റ്റ് ചെയ്യുന്നത് സുപ്പീരിയറച്ചന് വളരെ വിഷമമുള്ള കാര്യമായിരുന്നു. സുപ്പീരിയറച്ചന്റെ ജീവിത ലാളിത്യം വളരെ വലുതായിരുന്നു. കാരണം ഒരു ദിവസം ഭക്ഷണമുറിയിൽ ഞാൻ ചെന്നപ്പോൾ ബ്രദേഴ്സ് കുടിച്ച കാപ്പിയുടെ ബാക്കി അദ്ദേഹം കുടിക്കുന്നത് ഞാൻ കണ്ടു.

സുപ്പീരിയറച്ചൻ ഒരിക്കലും ആരെയും കുറ്റപ്പെടുത്താത്ത ഒരു വ്യക്തിയായിരുന്നു. ഒരു ദിവസം അദ്ദേഹത്തിന് മൂത്രം പോകുവാൻ പ്രയാസമായപ്പോൾ ഒരു ബ്രദറിനോട് കത്തീട്രൽ ഉപയോഗിച്ച് അദ്ദേഹത്തെ സഹായിക്കുവാൻ ആവശ്യപ്പെട്ടു. ബ്രദറിന് അത് സാധിച്ചില്ല എന്നു മാത്രമല്ല അവിടെ ബ്ലീഡിംഗ് ഉണ്ടാകുവാനും അത് കാരണമായി. ഞാനും ഒരു സർജനും അദ്ദേഹത്തെ പോയി പരിശോധിച്ചപ്പോൾ ഒത്തിരി വേദനയുായിട്ടും ഒരു കുറ്റപ്പെടുത്തലും കൂടാതെ അദ്ദേഹം അതെല്ലാം സഹിച്ചു. തികഞ്ഞ ശാന്തതയോടെ ആൾക്കൂട്ടത്തിൽ ആരുമറിയാതെ ദൈവസ്നേഹം പങ്കുവച്ച ആ നല്ല മനസ്സിന്റെ നന്മ എന്നും ലോകത്തിൽ എല്ലായിടത്തും പ്രശോഭിക്കട്ടെ.



**പാവപ്പെട്ട രോഗികൾ വരുമ്പോൾ "''Jesus has come" എന്നു പറഞ്ഞ് ഓടിച്ചെന്ന് കെട്ടിപ്പിടിക്കുമായിരുന്നു.**

# Recipe for Success



**സി. ഡിലീഷ്യ തെരേസ്**

## ചേരുവകൾ

| | | |
|---|---|---|
| 1. പ്രാർത്ഥന | – | 10 വലിയ റ്റീസ്പൂൺ |
| 2. ക്ഷമ | – | ആവശ്യത്തിന് |
| 3. വിശ്വസ്ഥത നുറുക്കിയത് | – | 150 ഗ്രാം |
| 4. സ്നേഹം | – | പാകത്തിന് |
| 5. സൗമ്യതയും എളിമയും സമാസമം നുറുക്കിയത് | – | ഒന്നരക്കപ്പ് |
| 6. മൗനം | – | ആവശ്യത്തിന് |
| 7. സമചിത്തത | – | 5 ടേബിൾ സ്പൂൺ |
| 8. പ്രായ്ശ്ചിത്തം | – | 5 റ്റീസ്പൂൺ |
| 9. ദൈവസാന്നിധ്യസ്മരണ | – | പാകത്തിന് |
| 10. പരിത്യാഗം കക്ഷണങ്ങളാക്കിയത് | – | 7 എണ്ണം |
| 11. സന്തോഷത്തിന്റേയും ശാന്തതയുടേയും തരികൾ | – | 20 ഗ്രാം |

# പാകം ചെയ്യുന്ന വിധം

ആദ്യമായി സ്നേഹമാകുന്ന പാത്രത്തിലേയ്ക്ക് ഒരു വർഷത്തിലെ മാസങ്ങളെ ദിവസങ്ങളാക്കിയും മണിക്കൂറുകളെ മിനിറ്റുകളാക്കിയും മുറിച്ചിടുക. അതിനു ശേഷം പ്രാർത്ഥനയും പരിത്യാഗവും പ്രായ്ശ്ചിത്തവുമാകുന്ന ചേരുവകളും ചേർത്തിളക്കി വെള്ളവുമൊഴിച്ച് ധ്യാനച്ചൂടിൽ വേവിക്കാൻ വയ്ക്കുക.

ഇടയ്ക്കിടെ ആവശ്യത്തിനു ക്ഷമ ചേർത്തുകൊണ്ടിരിക്കണം. തിളയ്ക്കാറുകുമ്പോൾ വിശ്വസ്ഥതയുടേയും സമചിത്തതയുടേയും മിശ്രിതം ചേർത്തിളക്കുക. പാത്രത്തിൽ പിടിക്കാതിരിക്കുവാൻ ജാഗ്രതാ ലായനി ചേർത്തു കൊണ്ടിരിക്കണം. മുറുകിത്തുടങ്ങുമ്പോൾ സ്നേഹത്തിന്റെ എണ്ണ ആവശ്യത്തിന് ഒഴിച്ച് ദൈവസാന്നിധ്യസ്മരണയിൽ വീണ്ടും ഇളക്കിക്കൊണ്ടിരിക്കുക. കട്ടിയാകുമ്പോൾ സൗമ്യതയുടേയും എളിമയുടേയും കൂട്ടുകൾ സമാസമം ചേർത്ത് സമർപ്പണത്തിന്റെ പരുവത്തിൽ പാകമാക്കുക. പാകമായാൽ മൗനമയത്തിൽ ഇറക്കിയശേഷം അനുസരണത്തിന്റെ പാത്രത്തിൽ പകർന്നു വയ്ക്കുക. അനുസരണപാത്രത്തിൽ പറ്റിപ്പിടിക്കാതെ വിധേയത്വത്തിന്റെ നെയ്യ് പുരട്ടേതാണ്. അതിനു ശേഷം ലാളിത്യത്തിന്റെ അടപ്പുകൊണ്ടു മൂടിവയ്ക്കുക.

വിഭവത്തിൽ സന്തോഷത്തിന്റേയും ശാന്തതയുടേയും മധുരത്തരികൾ വിതറി അല്പം അലങ്കരിക്കുകയുമാവാം. പിന്നീട് ആവശ്യാനുസരണം ആദരാത്മകശുശ്രൂഷയുടെ പാത്രത്തിലേയ്ക്ക് അവയെ കക്ഷണങ്ങളാക്കി മുറിച്ചിട്ടു സംലഭ്യതയുടെ ചൂടോടെ പുഞ്ചിരിയുടേയും സൗഹൃദത്തിന്റേയും സ്പൂണും ഫോർക്കും വച്ചു സേവനത്തിന്റെ തവികൊണ്ടു വിളമ്പിക്കൊടുക്കുക.

വേഗത്തിൽ ഉണ്ടാക്കിയെടുത്ത ഈ വിഭവം ഏതു തരത്തിൽപ്പെട്ട വ്യക്തികൾക്കും പ്രത്യേകിച്ച്, രോഗികൾക്കും പാവപ്പെട്ടവർക്കും ആവശ്യത്തിലിരിക്കുന്നവർക്കും ആരോഗ്യസംരക്ഷണത്തിന് അത്യുത്തമമാണ്. മാത്രമല്ല, പരിശ്രമത്തിന്റെ ഏപ്രിൻ അണിഞ്ഞു സന്മനസ്സിന്റെ റിബൺ കൊണ്ട് ഇടക്കെട്ട് കെട്ടിയ ശേഷം പ്രായഭേദമന്യേ ആരോഗ്യമുള്ള എല്ലാവർക്കും തയ്യാറാക്കാവുന്ന ഒരു ഫാസ്റ്റ് ഫുഡാണ് ഈ അതിവിശിഷ്ടവിഭവം.





# കെടാവിളക്ക്



**മിസിസ്. ആൻ മേരി ജേക്കബ്**

“ ‘‘ഈ നാടിന്റെ വിളക്കാ ടീച്ചറേ.......’’““““

**ച**ട്ടയും കൈലിയുമണിഞ്ഞ അമ്മച്ചി വെളുക്കെ ചിരിച്ചു. വെടിപ്പുള്ള കൊച്ചുവീടിന്റെ വെള്ള പൂശിയ ഭിത്തിയിൽ തൂക്കിയ വല്യച്ചന്റെ ചിരിക്കുന്ന ചിത്രം നോക്കി നിന്ന എന്നോട് അമ്മച്ചി വീണ്ടും പറഞ്ഞു. “‘‘വല്യച്ചനാണ് ഞങ്ങൾക്കൊരു വീടു പണിതു തന്നത്. ഈ നാടിന്റെ അനുഗ്രഹമായിരുന്നു അച്ചൻ.’’ അമ്മച്ചിയുടെ കണ്ണുകളിൽ റാന്തൽ വിളക്കിന്റെ തിളക്കം. കമ്മ്യൂണിറ്റി ഹെൽത്ത് പ്രവർത്തി പരിചയത്തിനു വേണ്ടി കുട്ടികളേയും കൊണ്ട് എത്തിയതായിരുന്നു ആ കുന്നിൽ മുകളിലെ ചെറിയ വീട്ടിൽ. വല്യച്ചന്റെ നിഷ്കളങ്കമായ ചിരിയിലൂറിയ വെളിച്ചം അമ്മച്ചിയുടെ ചിരിയിലും കണ്ണുകളിലും പ്രതിഫലിക്കുന്നതു കൗതുകത്തോടെ ഞാൻ നോക്കി നിന്നു. ആ മനുഷ്യ സ്നേഹി ഈ മനസ്സിൽ പണ്ടെങ്ങോ ഒരു കൊച്ചു വിളക്കു തെളിച്ചു വച്ചിരിക്കുന്നു സംതൃപ്തിയുടെ, സന്തോഷത്തിന്റെ, സ്വാന്തനത്തിന്റെയൊക്കെ തിളക്കമുള്ള വിളക്ക്. ആ ചൂടും വെളിച്ചവും ഇന്നും ഒട്ടും ഒളിമങ്ങാതെയിരിക്കുന്നു. അങ്ങിനെ എത്രയെത്ര അഗോചര വിളക്കുകൾ..... എത്രയോ മനസ്സുകളിൽ ഇന്നും ശോഭ കെടാതെ.........““““

‘‘മനുഷ്യർ നിങ്ങളുടെ സത്പ്രവർത്തികൾ കണ്ട് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ’’ എന്ന ക്രിസ്തു നാഥന്റെ ആഹ്വാനം ശിരസ്സാ വഹിച്ച് ഈ മലമുകളിൽ തെളിഞ്ഞ പ്രകാശ ഗോപുരം. സ്വർഗ്ഗീയ പ്രഭാ പൂരത്തിൽ നിന്നും, ജർമ്മനിയുടെ മണ്ണിൽ അടർന്നു വീണ കരുണയുടെ ഒരു തീനാളമായിരുന്നു അത്. ദൈവസ്നേഹ തീക്ഷ്ണതയാൽ ആ തീനാളം ആളിക്കത്തി.

ദൈവനിയോഗത്താൽ ആ വിളക്ക് മാറ്റി വയ്ക്കപ്പെട്ടു. കട്ടപ്പന എന്ന കുഗ്രാമത്തിലേയ്ക്ക്. അവിടെ ആ അഗ്നിനാളം കൂടുതൽ തീക്ഷ്ണമായി..... ആർദ്രമായി..... ജ്വലിച്ചു.

മലമടക്കുകളുടെ മുകളിൽ കാടും കോടയും അതിന് ഒട്ടും മങ്ങലേല്പിച്ചില്ല. ദുരിതവും ദാരിദ്ര്യവും അതിനെ കെടുത്തിക്കളഞ്ഞുമില്ല.

ആ ദീപം കത്തിപ്പടർന്നു. എല്ലാ പ്രതികൂലങ്ങളെയും അതിജീവിച്ച്..... ദുരിത ജീവിതങ്ങളിൽ, രോഗാതുര ജീവനുകളിൽ, ശോകപൂരിത മനസ്സുകളിൽ കനലായ് തെളിഞ്ഞ്....

നാളമായ് വളർന്ന്.......
കാട്ടുതീയായ് പടർന്നു".....

ആ അഗ്നിക്കൈകളിൽ രോഗദാരിദ്ര്യദുരിതങ്ങളെല്ലാം എരിഞ്ഞു ചാമ്പലായി. ആത്മീയ സൗകുമാര്യത്താൽ വിളങ്ങിയ വെള്ളി വെളിച്ചം കാനനക്കൂരിരുളിനെ നിഷ്കാസനം ചെയ്തു. ആ തീക്ഷ്ണതാപം ദൈന്യത മരവിപ്പിച്ച കുടിയേറ്റ മനസ്സുകളെ തൊട്ടുണർത്തി. ഒടുവിൽ ഒരു ദേശത്തെ മുഴുവൻ ഉജ്ജ്വലിപ്പിച്ച തിരിനാളം മിഴികൾ പൂട്ടി. പതിനൊന്നു വർഷം മുമ്പ് പക്ഷേ.....

സാന്ത്വനത്തിന്റേയും കാരുണ്യത്തിന്റേയും സ്നേഹത്തിന്റേയും ആ ദിവ്യ സ്രോതസ്സിന് അണഞ്ഞു പോകാനാവില്ലല്ലോ.....

ഒരു ശക്തിക്കും ആ പ്രഭാ പൂരത്തെ മറച്ചു വയ്ക്കാനാവില്ലല്ലോ....

ആ പൊൻ വിളക്കിൽ നിന്നു കൊളുത്തപ്പെട്ട ആതുര ശുശ്രൂഷയുടേയും സാമൂഹ്യ സേവനത്തിന്റേയും സന്യാസത്തിന്റേയുമൊക്കെ നാളങ്ങൾ എരിഞ്ഞു കത്തുകയാണല്ലോ....

ഇപ്പോഴും കൂടുതൽ തീക്ഷ്ണതയോടെ.....""

അതിലുമുപരി ആയിരക്കണക്കിനു ഗൃഹച്ചുമരുകളിലും ഹൃദയതാളുകളിലും കൃതാർത്ഥതയുടെ കൂപ്പുകൈകളിൽ ആ തീ നാളമാണ് ഇന്നും ഒളിമങ്ങാതെ ആർദ്രമായ പൊൻകിരണങ്ങൾ വീശി നിൽക്കുന്നത്. വളരെയേറെ മനസ്സുകളിൽ നന്മയുടെ കനലുകൾ വിതറി ഇനിയുമാവിളക്ക് തെളിഞ്ഞു തന്നെ നിൽക്കും കാലത്തേയും തലമുറകളേയും അതിജീവിച്ച്.....

അധ്യായനത്തിനും ആതുരസേവനത്തിനും ചികിത്സയ്ക്കുമൊക്കെ എത്തുന്ന ജീവിതങ്ങളെ കത്തിജ്വലിപ്പിച്ച് ആ വെളിച്ചം അങ്ങനെ കൈമാറ്റപ്പെട്ട് അനേകം ജീവനുകളെ കാരുണ്യത്തിന്റെ ആശാതീരങ്ങളിലെത്തിക്കും. വിപ്ലവകരമായ ആദരാത്മക ശുശ്രൂഷയായി

ദൈവമേ നന്ദി.....

അങ്ങയുടെ അരുമഭദ്രദീപത്തെ ഈ മലമുകളിലെ പീഠത്തിൽത്തന്നെ വെച്ചതിന്, സ്വയമെരിഞ്ഞ് ഈ കൊടും കാടിനെ ചാമ്പലാക്കാൻ ആ ദിവ്യനാളത്തെ ഞങ്ങൾക്ക് വിട്ടുതന്നതിന്.



# കാരുണ്യതീർത്ഥം

കനിവിൻ ദീപം തൻ കാരുണ്യകടൽ
ഇരമ്പി വാഴുന്നു ഈ വിണ്ണിൽ
കാരുണ്യമൂർത്തിയാം ഫോർത്തുനാത്തൂസ്
താതന്റെ ജീവിത പാതതൻ ശകലം
തുടരുന്നീ ഭൂവിൽ
മക്കൾതൻ രോധനം ആത്മാവിൽ
തൊട്ടൊരു പുണ്യപിതാവിനെ
വന്ദിപ്പൂ ഞാൻ ആത്മപൂരിതയായ്
പുണ്യഭൂമിയിൽ മരുവുന്ന
മാനവൻ തൻ പുണ്യപ്രകാശം നീ
അശാന്തിതൻ നെടുവീർപ്പേന്തിയ മർത്യന്
ശാന്തിദൂതുകൾ മന്നിൽ പൊഴിച്ചൊരു
പുണ്യപിതാവേ നിന്നെ നമിക്കുന്നു
പുണ്യപാതേ തിരിഞ്ഞു നോക്കവേ
കണ്ടു ഞാൻ നിൻ സ്നേഹാഗ്നിയെ
രോഗിയെ ക്രിസ്തുവും രോഗശയ്യ
അൾത്താരയായി ദർശിച്ച നീ
എൻമനതാരിൽ കാരുണ്യതീർത്ഥമായ്
കൂപ്പുന്നു ഒരായിരം കരങ്ങളാൽ
വന്ദിപ്പൂ ഞാനാ മനുഷ്യസ്നേഹിയെ
എൻ ഹൃദയത്തിൻ കോവിലിൽ
ഒരുനാളമായ് നീ തെളിയട്ടെയെന്നും



ലക്ഷ്മി എസ്. കുമാർ

## A SHORT TRIBUTE TO THE MEMORY OF OUR VENERABLE BROTHER FORTUNATUS THANHASER, O.H.



**Bro. Donatus Forkan O H**

Brother Fortunatus Thanhaser spent his life as a Brother of St. John of God trying to build community, endeavoring with every fiber of his being to bring people together in a spirint of mutual respect, love and caring for each other. Brother Fortunatus' mission in life was to bring people to God, and to bring God to people. When our Blessed Lady visited her cousin Elizabeth she brought Jesus in her womb. In the same way Brother Fortunatus brought the God that lived in his heart to those whom he met in life. The God of mercy and compassion, the God of love and hospitality, the God of gentleness and tenderness reached out and touched the lives of people, especially the downtrodden, the poor and the abandoned through Brother Fortunatus in a very distinct and real way.

From heaven Brother Fortunatus, where he now enjoys the beatific vision, would wish us to join with him in thanking God for all the graces and blessings that he bestowed on him throughout his life. In partcular he would want us to thank God for having called him into the religious Hospitaller life as a Brother of Saint John of God. Brother Fortunatus with great humility would wish us to join with him in a particular way in thinking God for haven chosen him to be His instrument in bringing a new Religious Family - the Sisters of Charity of Saint John of God into the life of the Church. Brother Fortunatus would also wish us to ask the God of mercy, the God of limitless compassion and tender love to learn from the heart of Jesus how we are to be his disciples like Mary - who was the First Disciple of Jesus.

Brother Fortunatus throughout his religious life as a Brother of St. John of God always endeavored to be that gentle, loving and compassionate presence of Cheist for people in their time of vulnerability and need, many of whom were weighted down with suffering and pain because of illness, the illness of a loved one or grieving because of the death of a friend or family member. Brother Fortunatus had a particular sensitivity for the poorest of the poor, he loved being in their midst, listening to their stories, comforting them with his kind words and generally being brother to them. Brother

Fortunatus modeled his life on the life of St. John of God . He proved himself worthy to be called a son, a desciple of the man who was a Good Samaritan figure for the people of Granada, especially for the poor, the sick and the abandoned people. In the same way shown by John of God, Brother Fortunatus was a truly a Good Samaritan type figure for the people of Kattapanna and its environs, especially for the poor, the sick and the abandoned people.

Brother Fortunatus served the Order in Germany, Frankfurt and his beloved Indian Province in many different roles throughout his religious life, Founder of the Order in India, as Provincial, Prior of the Communities and Director of the Hospital and many other roles. Brother Fortunatus saw these various roles, not as a personal honor or status, but as an opportunity to be of service to others, which he didi with great humility - be it to his Brothers, the sick and poor people and eventually to his Sisters. Every role was for him a privilege that would enable him to serve people who were sick or who had a special need, and to which he brought great love, dedication and commitment. The uniqueness of the service that Brother Fortunatus gave was an expression of the insights into spirituality St. John of God, which he obtained through a deep personal prayer life. When visiting Kattappana so many times down the years, when I would go into the chapel in the early morning Brother Fortunatus already would have been there for a long time wrapped in deep prayer. It was this life of prayer that also sustained him in times of difficulty and challenge especially related to his particular ministry as founder, innovator and creator of something new and beautiful for God in India. Brother Fortunatus in his own quiet and unassuming desposition, and deep faith accepted with resignation and peace of soul his final illness and death.

May our Brother, the Venerable Fortunatus Thanhaser who is now enjoying the reward for a life well lived. A life lived with great generosity, love for the poor, joy and selfless love - so typical of the person who lives only for God and uses every event in life as an opportunity to help to bring about God's Reign on Earth. Brother Fortunatus is our model and may he be our intercessor before God.

Let all of us be inspired by and following the example of our dear loving Brother Fortunatus how to be a disciple of Jesus, a true Hospitaller and tireless evangelizer. Let us pray that Our Brother will be raised to the Altars and given as a model to all of humanity, as Saint Teresa of Calcutta is, how we should treat and care for each other, how we should celebrate difference, love our environment - seeing all of creation as God's work of art, especially the human being, All is Gift, all is holy, all is holy, all is an expression of a God who is Merciful, Loving and Compassionale. May His Name be Glorified for every.



# കാരുണ്യയാത്ര



സി. നിർമ്മല കുര്യാക്കോസ്

## ആമുഖം

**20**15 ഡിസംബർ 8 ന് ആരംഭിച്ച കരുണയുടെ അസാധാരണ ജൂബിലി വർഷം 2016 നവംബർ 20 ന് സമാപിച്ചിരിക്കുകയാണ്. ഇക്കഴിഞ്ഞ ഒരു വർഷക്കാലം പ്രഭാതമഞ്ഞുപോലെ നമ്മുടെ ജീവിതങ്ങളിലേയ്ക്ക് പെയ്തിറങ്ങിയ ദൈവകാരുണ്യത്തിന് കൃതജ്ഞതയർപ്പിച്ചു കൊണ്ട് കരുണയുടെവിശുദ്ധകവാടത്തിന് മുദ്രവച്ചപ്പോൾ "കരുണയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ അവർക്കു കരുണ ലഭിക്കും"" എന്ന ആ സൗഭാഗ്യം നമ്മുടെ ഹൃദയത്തിന്റെ വിശുദ്ധ വാതിലുകൾ തുറക്കുവാനുള്ള ആഹ്വാനവുമായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്.

## കാരുണ്യവർഷത്തിൽ വിശ്വാസികൾ പ്രാപിച്ച ലക്ഷ്യങ്ങൾ

തിരുസ്സഭാ മക്കൾ തങ്ങളുടെ ജീവിതത്തിൽ 3 ലക്ഷ്യങ്ങൾ പ്രധാനമായും സ്വായത്തമാക്കണമെന്ന ഉദ്ദേശത്തോടെയാണ് ഫ്രാൻസിസ് പാപ്പ കാരുണ്യവർഷം പ്രഖ്യാപിച്ചത്. അവ:

**1.** ആശ്വാസദായകനായ ദൈവത്തിന്റെ മുഖം മനുഷ്യരുടെ ഇടയിൽ പ്രചരിപ്പിക്കുക.

**2.** ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹം സ്വയം അനുഭവിക്കുകയും അത് മറ്റുള്ളവരിലേയ്ക്ക് പകർന്നു നൽകുകയും ചെയ്യുക.

**3.** പ്രത്യാശ പകരുന്ന ജീവിതം സ്വയം നയിക്കുക. പ്രത്യാശ പകരുന്ന ജീവിതം നയിക്കുവാൻ മറ്റുള്ളവരെ സഹായിക്കുക.

ഈ മൂന്നു ലക്ഷ്യങ്ങൾ സ്വായത്തമാക്കി മുന്നേറുമ്പോൾ ഒരു ക്രൈസ്തവന്റെ അടിസ്ഥാന പുണ്യമായും ക്രിസ്തുശിഷ്യന്റെ ജീവിത ശൈലിയായും കരുണ മാറുകയാണ്. മറ്റുള്ളവരോട് കരുണ കാണിക്കുന്നതിന് നമുക്ക് ഹൃദയത്തിൽ ആത്യന്തികമായി ഉദാരതയും നീതിബോധവും ഉണ്ടായിരിക്കണം. ഇതൊരു സാമൂഹിക പ്രതിബദ്ധത കൂടിയാണ്. സമൂഹത്തിന്റെ ഏറ്റവും അരികുകളിലുള്ളവരിലേയ്ക്ക് നമ്മുടെ ഹൃദയം തുറക്കുന്നതിനുള്ള വിളിയാണ് ദൈവകാരുണ്യം അതിരില്ലാതെ അനുഭവിച്ച നമ്മുടെ മുമ്പിൽ മുഴങ്ങി നിൽക്കുന്നത്. നാം അനുഭവിച്ചറിഞ്ഞ ആശ്വാസദായകനായ ദൈവത്തിന്റെ മുഖം, നാം സ്വന്തമാക്കിയ തമ്പുരാന്റെ ക്ഷമിക്കുന്ന സ്നേഹം, നമുക്ക് ലഭിച്ച അതിരുകളില്ലാത്ത പ്രത്യാശാനുഭവം ഇവ ഇന്നത്തെ വിഭജിതമായ ലോകത്തിന്, വിഘടിതമായ സാമൂഹിക വ്യവസ്ഥിതികൾക്ക്, അസ്വസ്ഥമായ കുടുംബങ്ങൾക്ക് നിരാശ നിറഞ്ഞ വ്യക്തികൾക്ക്, എല്ലാം പകർന്നു കൊടുക്കുവാൻ നാം കടപ്പെട്ടവരാകുന്നു. ഇതിന് പിതാവിനെപ്പോലെ കരുണയുള്ളവരാകുക എന്നത് അടിസ്ഥാന യോഗ്യതയാണ്.

## ''പിതാവിനെപോലെ കരുണയുള്ളവരാകുക''"

കാരുണ്യവർഷത്തിന്റെ ആപ്തവാക്യം തന്നെ ഇതാണല്ലോ. ഈ തിരുവചനം ജീവിതത്തിന്റെ ഒരു പ്രോഗ്രാം ആയിട്ടാണ് ലൂക്കാ സുവിശേഷകൻ നമ്മെ ഓർമ്മിപ്പിക്കുക. ഇത് ജീവിതത്തിന് ഏറ്റവും അത്യാവശ്യമുള്ളതും സന്തോഷം കൊണ്ടും സമാധാനം കൊണ്ടും നിറഞ്ഞതുമാണ്. കരുണയുള്ളവരായിരിക്കുവാൻ നമ്മുടെ തന്നെ വ്യക്തി ജീവിതത്തിൽ ചില കാര്യങ്ങൾ നമ്മൾ പരിശീലിപ്പിക്കേണ്ടതുണ്ട എന്നാണ് പരി.പിതാവ് ഫ്രാൻസിസ് പാപ്പാ 'കാരുണ്യത്തിന്റെ മുഖം' എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ നമ്മോട് ആഹ്വാനം ചെയ്യുന്നത്.

**1.** ദൈവവചനം ശ്രവിക്കുവാൻ തയ്യാറാകുക - നമ്മിലേയ്ക്കു വരുന്ന ദൈവവചനത്തെകുറിച്ച് ധ്യാനിക്കുന്നതിന് നിശബ്ദതയുടെ മൂല്യം വീണ്ടും കണ്ടെത്തണം. ഇങ്ങനെ ദൈവത്തിന്റെ കാരുണ്യത്തെപ്പറ്റി ധ്യാനിക്കാനും അത് നമ്മുടെ ജീവിതശൈലിയായി സ്വീകരിക്കാനും സാധിക്കും. (കാരുണ്യത്തിന്റെ മുഖം - 13).

**2.** തീർത്ഥാടനം നടത്തുക - നമ്മുടെ ജീവിതം ഒരു ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള തീർത്ഥാടനമാണ്. ഇതിന്റെ ഭാഗമായി തീർത്ഥാട കേന്ദ്രങ്ങൾ സന്ദർശിക്കുകയും വിശുദ്ധ കവാടം കടക്കുകയും ചെയ്യ്തു. ഇതോടൊപ്പം തന്നെ നമ്മെ ഓർമ്മപ്പെടുത്തുന്ന വലിയ ഒരു സത്യം ഉണ്ട്. അതായത് കരുണയെന്നത് എത്തിച്ചേരേണ്ട ഒരു ലക്ഷ്യമാണെന്നും അതിന് സമർപ്പണ ബുദ്ധിയും ത്യാഗവും ആവശ്യമാണെന്നും ഓരോ പ്രാവശ്യവും കരുണയുടെ കവാടം കടന്നപ്പോഴും ദൈവത്തിന്റെ കാരുണ്യം ആശ്ലേഷിക്കാനും നമ്മോടു പിതാവ് കരുണകാണിച്ചതുപോലെ മറ്റുള്ളവരോടു കരുണ കാണിക്കാൻ സ്വയം പ്രതിഷ്ഠിക്കുവാനും നമ്മൾ ശക്തി കണ്ടെത്തുകയായിരുന്നു. എന്തൊക്കെയാണ് തീർത്ഥാടനലക്ഷ്യം നേടിയെടുക്കുന്നതിന് വ്യക്തിപരമായും സമൂഹപരമായും നാം നടത്തേ കാൽവയ്പുകൾ എന്ന് ഈശോ തന്നെ കാണിച്ചു തന്നിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

'"നിങ്ങൾ വിധിക്കരുത് നിങ്ങളും വിധിക്കപ്പെടുകയില്ല. കുറ്റാരോപണം നടത്തരുത് നിങ്ങളുടെ മേലും കുറ്റം ആരോപിക്കപ്പെടുകയില്ല. ക്ഷമിക്കുവിൻ നിങ്ങളോടും ക്ഷമിക്കപ്പെടും. കൊടുക്കുവിൻ നിങ്ങൾക്കും കിട്ടും. അമർത്തി കുലുക്കി നിറച്ചളന്ന് അവർ നിങ്ങളുടെ മടിയിൽ ഇട്ടുതരും. നിങ്ങൾ അളക്കുന്ന അളവുകൊണ്ടു തന്നെ നിങ്ങൾക്കും അളന്നുകിട്ടും.''" (ലൂക്കാ 6.37-38).

ഫ്രാൻസിസ് പാപ്പാ വളരെ നിശ്ചിതമായി ഓർമ്മപ്പെടുത്തുന്ന ഒരു കാര്യമാണ് വിധിക്കരുത് എന്നത്. "''ആരെങ്കിലും ദൈവത്തിന്റെ ന്യായം വിധിക്കലിൽ നിന്ന് ഒഴിവാകാൻ ആഗ്രഹിക്കുന്നുങ്കിൽ അയാൾ സ്വന്തം സഹോദരന്റെയോ സഹോദരിയുടേയോ വിധികർത്താവായി സ്വയം പ്രതിഷ്ഠിക്കരുത്"'' (കാരുണ്യത്തിന്റെ മുഖം - 14). മനുഷ്യന്റെ വിധിയെല്ലാം ബാഹ്യ കാര്യങ്ങൾ മാത്രം നോക്കി കൊണ്ടുള്ളതാണ് അതേ സമയം പിതാവായ ദൈവം ആത്മാ

**അസൂയയുടേയും ശത്രുതയുടേയും വികാരങ്ങളാൽ പ്രചോദിപ്പിക്കപ്പെട്ട വാക്കുകൾ മററുള്ളവർക്കു ദ്രോഹം ചെയ്യുന്നു. (പോപ്പ് ഫ്രാൻസിസ് കാരുണ്യത്തിന്റെ മുഖം)**

വിന്റെ ആഴങ്ങളിലേയ്ക്ക് നോക്കുന്നു. പാപ്പാ തുടരുന്നു, അസൂയയുടേയും ശത്രുതയുടേയും വികാരങ്ങളാൽ പ്രചോദിപ്പിക്കപ്പെട്ട വാക്കുകൾ എത്രമാത്രം ദ്രോഹം ചെയ്യുന്നു. മറ്റുള്ളവരെക്കുറിച്ച് അപവാദം പറയുമ്പോൾ അവരെ നിഷ്പ്രഭരാക്കുന്നു. അവരുടെ പ്രശസ്തിയെ തകർക്കുന്നു". (കാരുണ്യത്തിന്റെ മുഖം 14)

മറ്റുള്ളവരെ വിധിക്കുന്നതിൽ നിന്ന് ഒഴിഞ്ഞുനിൽക്കുകയെന്നു പറയുമ്പോൾ അതുകൊണ്ട് അർത്ഥമാക്കുന്നത് ''ഓരോ വ്യക്തിയിലുമുള്ള നന്മ അംഗീകരിക്കേണ്ടത് എങ്ങനെയെന്ന് അറിയുക. നമ്മുടെ പക്ഷപാതപരമായ വിധിമൂലവും അയാളെക്കുറിച്ച് സർവ്വതും അറിയാമെന്ന മുൻധാരണകൊണ്ടും ഉണ്ടാകാവുന്ന സഹനത്തിൽ നിന്ന് അയാളെ രക്ഷിക്കുക''" (കാരുണ്യത്തിന്റെ മുഖം 14). യഥാർത്ഥ കാരുണ്യം പ്രകടിപ്പിക്കുവാൻ ഇതുമാത്രം മതിയാകുകയില്ല. ക്ഷമിക്കാനും നൽകാനും കൂടി ഈശോ നമ്മോട് ആഹ്വാനം ചെയ്യുന്നു. ദൈവം അളവറ്റ ഔദാര്യത്തോടെ തന്റെ നന്മ നമ്മുടെ മേൽ ചൊരിയുന്നുവെന്ന് അറിഞ്ഞുകൊണ്ട് നാം മറ്റുള്ളവരോട് ഔദാര്യം കാണിക്കണം.

ഇന്നത്തെ ലോകത്തിൽ എന്നതുപോലെ നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും അനിശ്ചിതത്വത്തിന്റെയും വേദനയുടേയും സാഹചര്യങ്ങൾ ധാരാളം കടന്നുവരുന്നുണ്ട്. ബലമുള്ളവരുടേയും സ്വാധീനമുള്ളവരുടേയും നിസ്സംഗതയും അടിച്ചമർത്തലും മൂലം തങ്ങളുടെ നിലവിളി നിശബ്ദമാക്കപ്പെടുകയും മുക്കികളയുകയുംചെയ്യുന്ന അവസ്ഥകളിലൂടെ കടന്നു പോകുന്ന വ്യക്തികൾ. ഇങ്ങനെ ശബ്ദമില്ലാത്തവരുടെ മുറിവുകൾ നമ്മുടെ മുന്നിൽ സാന്ത്വനത്തിനായി നിശബ്ദമായി നിലവിളിക്കുമ്പോൾ അവരെ കേൾക്കാതിരിക്കുവാൻ സാധിക്കുമോ?. ഇവിടെ ആശ്വാസത്തിന്റെ തൈലം പുരട്ടി കാരുണ്യം കൊണ്ട് മുറിവുകൾ വച്ചുകെട്ടി ഐക്യദാർഢ്യവും ജാഗ്രതാപൂർണ്ണമായ ശുശ്രൂഷയും കൊണ്ട് സുഖപ്പെടുത്തുവാൻ നാം പ്രത്യേകം വിളിക്കപ്പെട്ടിരിക്കുന്നു (കാരുണ്യത്തിന്റെ മുഖം 15).

മാർപ്പാപ്പ ഒരു കാര്യത്തിൽ പ്രത്യേകം മുന്നറിയിപ്പു നൽകുന്നുണ്ട്. ''വിനാശകരമായ വിമർശനത്തിൽ നിന്ന് നമ്മെത്തന്നെ പരിപാലിക്കുക'' (കാരുണ്യത്തിന്റെ മുഖം 15) നമ്മുടെ കണ്ണുകൾ തുറന്ന് ലോകത്തിലെ ദുരിതവും, പേരും, മഹത്വവും നിഷേധിക്കപ്പെട്ട നമ്മുടെ സഹോദരങ്ങളുടെ മുറിവുകളും കാണാൻ ശ്രമിക്കാം. ഇന്ന് എവിടെ നോക്കിയാലും പരസ്പരം വിമർശിക്കലും പഴിചാരലുമാണ് കാണുവാൻ സാധിക്കുക. വ്യക്തികളെ മാനിക്കുകയോ ഉൾക്കൊള്ളുകയോ ചെയ്യാത്ത ചാനലുകളുടെ വിചാരണയും സത്യവിരുദ്ധമായ വാർത്തകളും അവയെപ്പറ്റിയുള്ള വിമർശനങ്ങളുമെല്ലാം നമ്മെ കീഴടക്കുവാൻ ശ്രമിക്കുമ്പോൾ മാർപ്പാപ്പയുടെ ഈ




**ദൈവം അളവറ്റ ഔദാര്യത്തോടെ തന്റെ നന്മ നമ്മുടെ മേൽ ചൊരിയുന്നുവെന്ന് അറിഞ്ഞുകൊണ്ട് നാം മറ്റുള്ളവരോട് ഔദാര്യം കാണിക്കണം.**

ആഹ്വാനം തികച്ചും പ്രസക്തമാണ്.

അവസാനവിധി ദിവസത്തിൽ വി. മത്തായിയുടെ സുവിശേഷം 25:31–45 ഭാഗങ്ങളുടെ മാനദണ്ഡത്തിൽ കർത്താവ് വിധിയുടെ ചോദ്യങ്ങൾ ചോദിക്കുന്നതോടൊപ്പം ഇങ്ങനെയും ചോദിക്കാമെന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നു. നിരാശയിലേയ്ക്കു വീഴിക്കുന്നതും മിക്കപ്പോഴും ഏകാന്തതയ്ക്ക് ഉറവിടമായിരിക്കുന്നതുമായ സംശയത്തിൽ നിന്ന് മറ്റുള്ളവരെ രക്ഷപെടാൻ സഹായിച്ചോ? അജ്ഞതയിൽ നിന്ന് ആളുകളെ മോചിതരാക്കുവൻ നീ എന്തു ചെയ്തു.?ദാരിദ്ര്യത്തിന്റേയും ബാലവേലകളുടേയും ബന്ധനത്തിൽ നിന്ന് കുട്ടികളെ സ്വതന്ത്രമാക്കുവാൻ സഹായിച്ചിട്ടുണ്ടോ? ഏകാന്തരും മറ്റുള്ളവർ ഒറ്റപ്പെടുത്തിയവരും പീഢിതരുമായവരുടെയടുത്ത് നിലകൊണ്ടിട്ടുണ്ടോ? നമ്മെ ദ്രോഹിച്ചവരോട് ക്ഷമിച്ചിട്ടുണ്ടോ? ഗാർഹികപീഢനങ്ങൾക്ക് ഇരയായവരെ മോചിപ്പിച്ചിട്ടുണ്ടോ? വിഷമം പങ്കുവയ്ക്കുവാൻ വന്നവരെ ശ്രവിച്ചിട്ടുണ്ടോ? നമ്മുടെ സഹോദരിസഹോദരന്മാരെ പ്രാർത്ഥനയിൽ സമർപ്പിച്ചിട്ടുണ്ടോ? നിരപരാധികൾക്കു വേണ്ടി നിലകൊണ്ടിട്ടുണ്ടോ? അന്യസ്ഥലങ്ങളിൽ നിന്ന് ജോലിക്കും പഠനത്തിനും പരിശീലനത്തിനും കുടിയേറുന്നവരോട് നീതിയും കാരുണ്യവും കാട്ടിയോ? ഇങ്ങനെ നോക്കുമ്പോൾ നമ്മുടെ വിശ്വാസജീവിതത്തിൽ കരുണയുടെ പ്രവാചകരാകണമെങ്കിൽ നമ്മുടെയെല്ലാം ജീവിതത്തിൽ ഒരു തുറന്ന ആത്മശോധന വളരെ ആവശ്യമാണെന്ന് ചുരുക്കം. നമ്മുടെ ഭവനങ്ങളിൽ തന്നെ ആധുനികലോകത്തിന്റെ അടിമത്വത്തിന്റെ പുതിയ രൂപങ്ങളാൽ ബന്ധിതരായവരോട് സ്വാതന്ത്ര്യം പ്രഖ്യാപിക്കുക, സ്വതന്ത്രരാകുവാൻ അവരെ സഹായിക്കുക. സ്വാർത്ഥതയിൽ മുങ്ങികഴിയുന്നതുകൊണ്ട് കുടുംബാംഗങ്ങളുടെയും, പുറത്തുള്ളവരുടെയും ആവശ്യങ്ങൾകാണാൻ പറ്റാത്തവർക്ക് കാഴ്ചശക്തി നൽകുക, അപഹരിക്കപ്പെട്ട മഹത്വവും, പേരും, മാന്യതയും നമ്മുടെ കൂടെയുള്ളവർക്കും മറ്റുള്ളവർക്കും പുനഃസ്ഥാപിച്ച് കൊടുക്കുക. ഇപ്രകാരം ഒരു തുറവിയിലേയ്ക്ക് വരുമ്പോൾ അനുഗ്രഹം നദിപോലെ നമ്മിലേയ്ക്ക് പ്രവഹിക്കുകയും ദൈവകാരുണ്യം പ്രഭാതമഞ്ഞുപോലെ നമ്മെ തൊട്ടുണർത്തുകയും ചെയ്യും.

## ഉപസംഹാരം

ഫ്രാൻസിസ് മാർപ്പാപ്പ പറയുന്നു, ''കാരുണ്യം ഒരു യാത്രയാണ്'' ഈശോയുടെ കരുണാർദ്ര ഹൃദയത്തിന്റെ കവാടത്തിലൂടെയുള്ള യാത്ര. ആ കവാടത്തിലൂടെ കടക്കുമ്പോൾ അത് രക്ഷയിലേയ്ക്കും പുതുജീവനിലേയ്ക്കും ഒരു വ്യക്തിയെ നയിക്കുന്നു. ആ കാരുണ്യം നമ്മുടെ ഹൃദയത്തെ സ്പർശിക്കുന്നു. അവിടെ കരുണ ജനിക്കുന്നു. അത് കരങ്ങളിൽ അതായത് കാരുണ്യപ്രവർത്തികളിൽ അവസാനിക്കുന്നു. അതിനാൽ ഈ ക്രിസ്തുമസ് ദിനത്തിൽ ദൈവകരുണയുടെ ഏറ്റവും വലിയ മഹാദിനത്തിൽ നമ്മുടെ ഹൃദയങ്ങളിലും കരുണ സമൃദ്ധമായി ജനിക്കട്ടെ. അത് സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്ഥത, സൗമ്യത, ആത്മസംയമനം എന്നിവയിലൂടെ ഫലം ചൂടട്ടെ.

ഹൈറേഞ്ചിൽ കാരുണ്യത്തിന്റെ ലേപനമായി മാറിയ ദൈവദാസൻ ബ്രദർഫോർത്തുനാത്തൂസ് നമുക്ക് നൽകുന്ന മാതൃക കാരുണ്യത്തിന്റേതാണ്. തൈലം പുരട്ടി ആശ്വാസത്തിന്റെ കാരുണ്യം കൊണ്ട് മുറിവുകൾ വച്ചുകെട്ടി ആർദ്രതയും ജാഗ്രതാപൂർണ്ണമായ ശ്രദ്ധയും കൊണ്ട് സൗഖ്യം പകർന്നു പോയ ആ പുണ്യാത്മാവ് നമ്മുടെ ഹൃദയത്തിന്റെ കവാടങ്ങൾ മറ്റുള്ളവരിലേയ്ക്ക് തുറക്കുന്നതിന് നമ്മെ പ്രചോദിപ്പിക്കും എന്നതിൽ സംശയമില്ല. അതിനാൽ കാരുണ്യത്തിന്റെ മുഖം ആഴമേറിയതാണ് അത് ഇന്നത്തെ വേദനിക്കുന്ന സമൂഹത്തിന് സൗഖ്യത്തിന്റെ ലേപനമാണ്. സഹജർക്ക് കരുതലിന്റെ ഔഷധമാണ്. പ്രകൃതിയ്ക്ക് ഒരു സംരക്ഷണമാണ്. കാരുണ്യം എല്ലാം ക്ഷമിക്കുന്നു. എല്ലാം സഹിക്കുന്നു. എല്ലാം സ്വീകരിക്കുന്നു. എല്ലാം ഉൾക്കൊള്ളുന്നു.

**''കാരുണ്യം ഒരു യാത്രയാണ്'' ഈശോയുടെ കരുണാർദ്ര ഹൃദയത്തിന്റെ കവാടത്തിലൂടെയുള്ള യാത്ര.**




# പ്രതിരോധിച്ച് ചികിത്സിച്ച് പ്രമേഹത്തെ കീഴടക്കാം



**ഡോ. ഹെൻലി പുന്നൻ ആൻഡ്രൂസ്**
**ഫിസിഷ്യൻ, സെന്റ് ജോൺസ് ഹോസ്പിററൽ**
**കട്ടപ്പന**

**പ്ര**മേഹത്തിന്റെ ലോക തലസ്ഥാന മാകാൻ കുതിക്കുകയാണ് ഇന്ത്യ. ലോകത്തിലെ അഞ്ചു പ്രമേഹരോഗികളിൽ ഒരാൾ ഇന്ത്യക്കാര നാണെന്നറിയുമ്പോൾ പകർച്ചവ്യാധി പോലെ പടരുന്ന പ്രമേഹത്തെപ്പറ്റിയുള്ള അറിവ് അതിനെ പ്രതിരോധിക്കുവാനും നല്ല ചികിത്സയിലൂടെ ആയുസ്സും ആരോഗ്യവും വീണ്ടെടുക്കുവാനും സഹായിക്കുമെന്നു കരുതുന്നു. എന്താണ് പ്രമേഹം?. ശരീരത്തിലെ ഇൻസുലിന്റെ ഉദ്പാദ നത്തിലെ കുറവോ ഇൻസുലിന്റെ കാര്യക്ഷമതാ കുറവോ കൊണ്ട് രക്തത്തിലെ പഞ്ചസാരയായ ഗ്ലൂക്കോസ് ക്രമാതീതമായി വർദ്ധിക്കുന്നതു മൂല മുണ്ടാകുന്ന അടിയന്തിര സ്വഭാവമുള്ളതും ദീർഘകാല സ്വഭാവമുള്ളതുമായ ശാരീരിക പ്രത്യാഘാതങ്ങളുടെ ആകെ തുകയാണ്പ്രമേഹം.

പ്രമേഹത്തെക്കുറിച്ച് പല തെറ്റിദ്ധാരണ കളും കൂടി വരുന്ന ഈ കാലഘട്ടത്തിൽ അതിലെ സത്യവും മിഥ്യയും തമ്മിലുള്ള വിശകലനമാണീ ലേഖനം. ഇത് ഒരു രോഗമല്ല. ഒരു കൂട്ടം രോഗങ്ങൾ ചേർന്നുള്ളതാണ്. ക്രമേണ ഇത് ശരീരത്തെ അവശനാക്കുന്ന രോഗമായതുകൊണ്ട് ഇതിനെ നിശബ്ദമായ കൊലയാളി (**Silentkiller**) എന്നു വിളി ക്കുന്നു. പ്രമേഹം പ്രധാനമായും 3 തരമുണ്ട്: (1) ടൈപ്പ് 1 – കുട്ടികളിലും ചെറുപ്രായക്കാരി ലുമാണ് കാണുന്നത്. ഇതിന് ഇൻസുലിൻ കു ത്തിവയ്പ് മാത്രമാണ് ചികിത്സ, (2) ടൈപ്പ് 2 – മുതിർന്നവരിൽ കാണുന്ന പ്രമേഹം, (3) ഗർഭമാരംഭിക്കുമ്പോൾ ആദ്യമായി ഉണ്ടാകുന്ന ഗർഭകാല പ്രമേഹവും പ്രമേഹരോഗിയായിട്ടുള്ള ആൾ ഗർഭിണിയാകുമ്പോൾ ഉള്ള ഗർഭകാല പ്രമേഹവും ഉണ്ട്. വളരെ ശ്രദ്ധയോടെ ചികിത്സി ച്ചില്ലെങ്കിൽ അമ്മയ്ക്കും കുഞ്ഞിനും പ്രശ്നങ്ങളു ണ്ടാകുവാൻ സാധ്യത കൂടുതലാണ്.

**മിഥ്യ** – പഞ്ചസാര അധികമായി കഴിക്കുന്നത് പ്രമേഹമുണ്ടാക്കും.

**സത്യം** – പഞ്ചസാര അമിതമായി കഴിക്കുന്നതു കൊണ്ടല്ല പ്രമേഹമുണ്ടാകുന്നത്. ഭക്ഷണപദാർ

ത്ഥങ്ങളിലെ ശുദ്ധീകരിച്ച പഞ്ചസാരയും രക്തത്തിലെ പഞ്ചസാരയും വ്യത്യസ്തങ്ങൾ ആണ്.

ടൈപ്പ് – 1 പ്രമേഹത്തിന് കാരണമാകുന്നത് പാൻക്രിയാസിൽ ഇൻസുലിൽ ഉദ്പാദിപ്പിക്കുന്ന കോശങ്ങൾ നശിക്കുന്നതാണ്. ഇതിന് പഞ്ചസാര ഉപയോഗവുമായി ബന്ധമില്ല.

ടൈപ്പ് – 2 പ്രമേഹം ഇൻസുലിനോട് പ്രതികരിക്കുവാനുള്ള ശരീരത്തിന്റെ കഴിവില്ലായ്മ മൂലമാണ്. രക്തത്തിലെ ഗ്ലൂക്കോസ് കോശങ്ങളിലേക്ക് എത്തിക്കുന്നതിന് ഇൻസുലിൻ ആവശ്യമാണ്.ആവശ്യത്തിന് ഇൻസുലിൻ ഇല്ലാതെ വരുമ്പോൾ രക്തത്തിൽ ഗ്ലൂക്കോസിന്റെ അളവ് കൂടുന്നു. അതുകൊണ്ടാണ് പ്രമേഹരോഗികൾക്ക് രക്തത്തിൽ പഞ്ചസാരയുടെ അളവ് ഉയരുന്നത്.

**മിഥ്യ:** എനിക്ക് പ്രമേഹമുണ്ട്. പക്ഷേ ഇത് ഒരു ഗൗരവ രോഗമല്ല.

**സത്യം** – പ്രമേഹംഏതു ടൈപ്പ് ആയാലും ഗൗരവമാണ്. നിങ്ങൾ മരുന്നോ ഇൻസുലിനോ ഉപയോഗിക്കുന്നില്ലെങ്കിലും രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കുറച്ചുനിർത്തിയില്ലെങ്കിൽ ഹൃദയ രോഗങ്ങൾ, വൃക്കരോഗങ്ങൾ, അന്ധത മുതലായ രോഗങ്ങൾ ഉണ്ടാകും.

**മിഥ്യ:** പ്രമേഹ രോഗികൾ വ്യായാമം ചെയ്യാൻ പാടില്ല.

**സത്യം** – സാധാരണവും, ആരോഗ്യകരവുമായ ജീവിതത്തിന് പ്രമേഹരോഗികൾ പതിവായി വ്യായാമം ചെയ്യണം. വ്യായാമം ചികിത്സയുടെ ഭാഗമാണ്. വ്യായമം ഇൻസുലിന്റെ പ്രവർത്തനം കൂട്ടും. രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കും.

**മിഥ്യ:** എന്റെ കുടുംബത്തിൽ ആർക്കും പ്രമേഹമില്ലാത്തതിനാൽ ഞാൻ ഭയപ്പെടേണ്ടതില്ല.

**സത്യം** – പ്രമേഹം പാരമ്പര്യമായിട്ടും അല്ലാതെയും ഉണ്ടാകാം. കുടുംബത്തിൽ പ്രമേഹരോഗികൾ ഉണ്ടെങ്കിൽ സാധ്യത കൂടുതലാണെന്നു മാത്രം.

ടൈപ്പ് – 1 പ്രമേഹം തടയുവാൻ സാധിക്കുകയില്ല. ജീവിതശൈലിയിൽ മാറ്റം വരുത്തുന്നതു വഴി

ടൈപ്പ് – 2 പ്രമേഹത്തിന്റെ സാധ്യത കുറയ്ക്കാം – ശാരീരികഭാരം കുറയ്ക്കുക എന്നത് (10%) ഇതിൽ പ്രധാനമാണ്.

**മിഥ്യ:** എന്റെ പ്രമേഹം സുഖപ്പെട്ടു.

**സത്യം:** – ടൈപ്പ് – 1 പ്രമേഹത്തിന് ഒരേയൊരു ചികിത്സ പാൻക്രിയാസ് മാറ്റിവയ്ക്കുക എന്നതാണ്.
എന്നാൽ ടൈപ്പ് – 2 പ്രമേഹം പൂർണ്ണമായും സുഖപ്പെടുത്തുക സാധ്യമല്ല. മരുന്നോ ഇൻസുലിനോ ഉപയോഗിക്കുന്നില്ലെങ്കിലും രക്തത്തിലെ ഗ്ലൂക്കോസ് നിയന്ത്രണവിധേയമാക്കി സൂക്ഷിക്കണം.

**മിഥ്യ:** നിങ്ങൾ ടൈപ്പ് – 2 പ്രമേഹരോഗിയാണ്. നിങ്ങളോട് ഇൻസുലിൻ എടുക്കണമെന്ന് ഡോക്ടർ പറഞ്ഞു. അതിന്റെയർത്ഥം നിങ്ങൾ ചികിത്സയിൽ പിഴവുവരുത്തിയെന്നാണ്.

**സത്യം:** – ടൈപ്പ് – 2 പ്രമേഹം ആദ്യം മരുന്നുകൊണ്ട് നിയന്ത്രണവിധേയമാണ്. എന്നാൽ ശരീരത്തിലെ ഇൻസുലിന്റെ അളവ് കുറയുന്നതനുസരിച്ച് ഇൻസുലിൻ ഉപയോഗിക്കേണ്ടതായി വരാം. ഇത് നല്ല ചികിത്സാ രീതി തന്നെയാണ്.

**മിഥ്യ:** ഇൻസുലിൻ കുത്തിവയ്ക്കുന്നത് വേദനാജനകമാണ്.

**സത്യം:** – ഇൻസുലിൻ കുത്തിവയ്പ്പ് വേദനയുണ്ടാക്കുകയില്ല. ശരിയായ വിധം കുത്തിവ്യ്പ്പ് നടത്തുവാൻ പരിശീലിക്കുക.

**മിഥ്യ:** ഞാൻ പ്രമേഹരോഗിയായതിനാൽ അരിയാഹാരം കഴിക്കുവാൻ പാടില്ല, പഞ്ചസാര ഉപയോഗിക്കുവാൻ പാടില്ല, കിഴങ്ങ് വർഗ്ഗങ്ങൾ,മാങ്ങാപഴം, ആപ്പിൾ,സപ്പോർട്ട,മുന്തിരി ഇവയൊന്നും ഉപയോഗിക്കുവാൻ പാടില്ല.





**സത്യം:-** പ്രമേഹമുള്ളവർക്കും നിശ്ചിത അളവിൽ മധുരമുള്ള ഭക്ഷണം കഴിക്കാം. നിയന്ത്രണമായ ഒരു ഭക്ഷണക്രമം തുടരണം.

ഇതോടൊപ്പം പഞ്ചസാര ഉൾപ്പെടെയുള്ള കാർബോഹൈഡ്രേറ്റുകളുടെ ഉപയോഗവും നിയന്ത്രിക്കണം. ചോറും പച്ചക്കറികളും യോജിപ്പിച്ചു കഴിക്കാവുന്നതാണ്. ചോറിലും ചപ്പാത്തിയിലും ഗ്ലൂക്കോസ് ഉണ്ട്. എന്നാൽ ഗോതമ്പിൽ അടങ്ങിയിരിക്കുന്ന ഗ്ലൂക്കോസ് വളരെ സാവധാനം മാത്രം പുറത്തുവരുന്നു.

പൂർണ്ണമായും മധുരം ഉപേക്ഷിക്കുന്ന ചിലർക്ക് ആരും കാണാതെ ഭക്ഷിക്കുന്ന സ്വഭാവം ഉണ്ടാകാം. അതുകൊണ്ട് എല്ലാം മിതമായി കഴിക്കുന്നതാണ് ആരോഗ്യകരം. പ്രമേഹ ഭക്ഷണക്രമത്തിലെ സുവർണ്ണ ഭക്ഷണനിയമം പാലിക്കുവാൻ ശ്രദ്ധിക്കണം. നിയന്ത്രിച്ചിട്ടുള്ള ഭക്ഷണത്തിന്റെ അളവ് കുറക്കുകയും ഇടവേള കൂട്ടുകയും ചെയ്യുക. അതുകൊണ്ട് എല്ലാം കുറഞ്ഞ അളവിൽ കഴിക്കാം. അധികം ആപത്താണ് എന്ന് ഓർക്കുക.



### പ്രമേഹരോഗികൾ സ്വയം ചെയ്യേ കാര്യങ്ങൾ:

1. വ്യായാമം-ദിവസവും 45 മിനിട്ട് നടത്തം. ഏറ്റവും ഉത്തമമായ വ്യായാമമാണ്.
2. പ്രമേഹത്തിന്റെ ശരിയായ നിയന്ത്രണം - ഭക്ഷണ ക്രമീകരണത്തിലൂടെയും ശാസ്ത്രീയമായ ചികിത്സയിലൂടെയും പ്രമേഹത്തെ കർശനമായി നിയന്ത്രിക്കുക
3. അമിത വണ്ണം തടയുക
4. പുകവലി, അമിത മദ്യപാനം തുടങ്ങിയ ദുഃശീലങ്ങൾ ഒഴിവാക്കുക - പ്രമേഹവും പുകവലിയും ചേർന്നാൽ ഹൃദയാഘാതം ഉറപ്പാണ്. പുകവലി പ്രമേഹ രോഗികൾക്ക് മരണത്തിലേയ്ക്കുല്ള വാതിലാണ്.
5. കൊളസ്ട്രോൾ - രക്തത്തിലെ കൊളസ്ട്രോളിന്റെ അളവ് ഒരു നിശ്ചിത അളവിൽ താഴെ നിർത്തുന്നത് പ്രമേഹരോഗികൾക്ക് അഭികാമ്യമാണ്.
6. രക്തസമ്മർദ്ദത്തിന്റെ നിയന്ത്രണം-മൂന്നുമാസത്തിലൊരിക്കലെങ്കിലും രക്ത സമ്മർദ്ദം പരിശോദിക്കണം.
7. മരുന്നുകളുടെ ഉപയോഗം - ഡോക്ടറുടെഉപദേശപ്രകാരം മരുന്നുകൾ കൃത്യമായി ഉപയോഗിക്കുക.



# ശാന്തിയുടെ തീരങ്ങളിൽ



**സിസ്റ്റർ സ്മിത തെരേസ്**

മനുഷ്യത്വവും മാനുഷിക മൂല്യങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനിക മനുഷ്യൻ തനിക്കൊപ്പം കിടപിടിക്കാൻ കഴിയാത്തവരെ തന്നിൽ നിന്നും സമൂഹത്തിന്റെ മുൻനിരയിൽ നിന്നും അകറ്റി പിന്നാമ്പുറങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കുന്നു. ബുദ്ധിവൈകല്യത്തെ ഒരു ശാപമായി കണ്ട് അവർക്ക് ആവശ്യമായ പരിശീലനമോ സംരക്ഷണമോ നല്കാതെ ചപ്പുചവറുകൾ പോലെ വലിച്ചെറിയുന്ന അനേകം ജീവിതങ്ങൾ നമുക്കുചുറ്റും പ്രതിദിനം പെരുകുന്നു. സമൂഹത്തിൽ തളയ്ക്കപ്പെട്ട ഇത്തരം കുഞ്ഞുങ്ങളേയും യുവതികളേയും സ്വന്തം മക്കളെ പോലെ-സഹോദരങ്ങളെ പോലെ കണ്ട് അവർക്ക് ആവശ്യമായ ശുശ്രൂഷകൾ നൽകി അവരെ സ്വയം പര്യാപ്തരാക്കുകയും സമൂഹത്തിൽ തങ്ങൾക്ക് സ്ഥാനവുമുണ്ടെന്ന് മനസ്സിലാക്കികൊടുത്തുകൊണ്ട് വളർന്നുവരുന്ന സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡിന്റെ ആദ്യത്തെ മിഷൻ ഭവനമാണ് തമിഴ്നാട്ടിലെ അമൈതി ഭവൻ.

തമിഴിൽ ''അമൈതി'' എന്നാൽ ശാന്തി , സമാധാനം എന്നാണർത്ഥം .2014 ജൂലൈ 16 ന് സുസ്മിത എന്ന ബുദ്ധിമാന്ദ്യമുള്ള കുട്ടിയുമായി ആരംഭിച്ച അമൈതി ഭവൻ ഇന്ന് 6 വയസ്സുമുതൽ 48 വയസ്സു വരെയുള്ളവരുടെ ഒരു ശാന്തിനിലയമാണ്. ഇതിൽ 2 കുട്ടികൾ മാലാഖകുഞ്ഞുങ്ങളായി ഈശോയുടെ കൈപിടിച്ച് പറന്നുയർന്നു. ഇപ്പോൾ 15 കുട്ടികൾ ഉണ്ട്. ഞാനൊരു സംഭവം ഓർക്കുന്നു. മാതാപിതാക്കളോ സഹോദരങ്ങളോ ഇല്ലാത്ത ഒരു കുട്ടി. അവൾ വന്നിട്ട് 2 വർഷമായി അവൾ ഇതുവരേ വീട്ടിൽ പോയിട്ടില്ല. പോകാനിഷ്ടവും

ഇല്ല. ഒരിക്കൽ എല്ലാവരേയും കുളിച്ചൊരുക്കി സന്ധ്യാ പ്രാർത്ഥനയ്ക്കായി പോകാനിറങ്ങി പോയ വഴിയിൽ കുട്ടിയുടെ ഡ്രസ്സിൽ ചെളിപറ്റി. പ്രാർത്ഥനയ്ക്ക് വരേണ്ട എന്നു പറഞ്ഞ് അവളെ ഞാൻ തിരിച്ചയച്ചു. ചാപ്പലിൽ ചെന്നപ്പോൾ തൂവാല എടുത്തില്ലല്ലോ എന്നോർത്ത് തിരിച്ച് മുറിയിൽ വന്നപ്പോൾ കണ്ട കാഴ്ച എന്റെ കണ്ണുകളെ ഈറനണിയിച്ചു. ഞാൻ തിരിച്ചയച്ച ആ കുട്ടി മുട്ടിന്മേൽ നിന്ന് ഇങ്ങനെ പ്രാർത്ഥിക്കുന്നു. ‘‘കടവുളേ ഞാൻ വീട്ട്ക്ക് പോകമാട്ടെ, എന്നെ ഭദ്രമാ ഇങ്കെ വച്ചിടണേ’’. ഞാൻ വേഗം ഡ്രസ്സ് മാറ്റി അവളെ കൂട്ടിക്കൊണ്ടു പോയി.

തമിഴ്നാട്ടിലെ ജനങ്ങൾ ഇത്തരത്തിലുള്ള കുട്ടികളെ വെറുപ്പോടെയാണ് കാണുന്നത്. പലകുട്ടികളും ചവറ്റുകൊട്ടയിൽ എറിയപ്പെടുന്നു.വളർന്നു വരാൻ അനുവദിച്ചാലും വേണ്ടുന്ന സുരക്ഷിതത്വമോ പരിഗണനയോ സ്നേഹമോ ഒന്നും ഇവർക്ക് ലഭിക്കാറില്ല. നമ്മുടെ ഭവനത്തിൽ വന്നതിന് ശേഷം ആണ് പല മാതാപിതാക്കൾക്കും ഇത്തരത്തിലുള്ള കുഞ്ഞുങ്ങളുടെ നന്മ മനസ്സിലാക്കുവാൻ കഴിഞ്ഞത് സമൂഹത്തിൽ പുറന്തള്ളപ്പെടുന്ന ഒരു കൂട്ടം കുഞ്ഞുങ്ങളെ പുനരധിവസിപ്പിക്കുകയും അവരെ സ്വയം പര്യാപ്തതയിലേയ്ക്ക് ഉയർത്തിക്കൊണ്ടു വരാൻ ശ്രമിക്കുകയാണ് ഈ ഭവനം. toilet training പോലും ലഭിക്കാതെ ഈ ഭവനത്തിലേയ്ക്കു കടന്നു വരുന്ന കുട്ടികൾ എറ്റവും ആവശ്യമുള്ള കാര്യങ്ങളിലും കൂടാതെ പഠനം, കൈത്തൊഴിലുകൾ, കാലാകായിക വിനോദങ്ങൾ എന്നിവയിലും സ്വയം പര്യാപ്തരായി വളർന്നു വരുന്നു. ഇന്നിവിടെയുള്ള കുട്ടികളുടെ മാതാപിതാക്കളും നമുക്ക് ചുറ്റുമുള്ളവരും സംതൃപ്തരാണ്. എങ്കിലും ഇനിയും ഇവരെ ഭാരമായി കാണുന്ന ഒരു പറ്റം മനുഷ്യർ എനിക്കു ചുറ്റുമുണ്ട്. പലപ്പോഴും ബുദ്ധിമാന്ദ്യത്തെക്കുറിച്ചുള്ള അജ്ഞതയാവാം ഇവരെ പിന്തിരിപ്പിക്കുന്ന ഘടകം.

ബുദ്ധിമാന്ദ്യം എന്നാൽ നാം ഏറെ കേട്ട് പരിചിതമായ വാക്കാണ്. എന്താണ് ബുദ്ധിമാന്ദ്യം? പലർക്കും ഇങ്ങനെയുള്ള കുട്ടികളെക്കുറിച്ച് ചില മിഥ്യാധാരണകളുണ്ട്. ഇവർക്ക് ചിന്തിക്കാൻ കഴിവില്ലാത്തവരാണ്, ബുദ്ധിയില്ലാത്തവരാണ് ഇങ്ങനെ നീണ്ടുപോകുന്നു നമ്മുടെ തെറ്റിദ്ധാരണകൾ. അതേക്കുറിച്ചുള്ള അറിവ് നമ്മെ ഉത്തരത്തിലുള്ള കുട്ടികളെ കുറേ



ക്കുടി കരുതലോടെ കാണുവാൻ സഹായിക്കട്ടെ.

### എന്താണ് ബുദ്ധിമാന്ദ്യം?.

ബുദ്ധിമാന്ദ്യം എന്നാൽ പ്രായത്തിന് അനുസരിച്ച് ചിന്തിക്കാനോ പ്രവർത്തിക്കാനോ ഉള്ള കഴിവുകുറവ്. അതായത് നമ്മുടെ ബുദ്ധി പരിശോധിക്കുമ്പോൾ 1R 70 ൽ താഴെയാണ് ലഭിക്കുന്നത് എങ്കിൽ ഇതിനെ ബുദ്ധിമാന്ദ്യം എന്നു വിളിയ്ക്കുന്നു. എന്നാൽ എല്ലാ ബുദ്ധിമാന്ദ്യവും ഒരുപോലെയല്ല. ബുദ്ധിമാന്ദ്യം പരിശോധനയുടെ നിലവാരം അനുസരിച്ച് 4 ആയി തരംതിരിച്ചിരിക്കുന്നു. Mild, Moderate, Severe, Profound. ഗ്രൂപ്പിൽ വരുന്ന കുട്ടികൾക്ക് സാധാരണ വ്യക്തികളെ പോലെ സ്വന്തം കാര്യങ്ങൾ ചെയ്യാനും അടിസ്ഥാന പരമായ കാര്യങ്ങൾ പഠിക്കാനും കഴിയും.

### എന്താണ് ബുദ്ധിമാന്ദ്യത്തിന് കാരണം?

കുട്ടികൾ ഗർഭാവസ്ഥയിൽ ആയിരിക്കുമ്പോഴോ, ജനനസമയത്തോ, അതിനു ശേഷമുള്ള വളർച്ചാപ്രായത്തിലോ കുട്ടികളുടെ തലച്ചോറിന് സംഭവിക്കുന്ന ക്ഷതങ്ങൾ, പാരമ്പര്യം, ജനന സമയത്തുള്ള ഓക്സിജന്റെ അഭാവം എന്നിങ്ങനെ ബുദ്ധിമാന്ദ്യത്തിനു കാരണമാകാം എന്നാൽ വിദ്യാസമ്പന്നരായ നമ്മുടെ ഗ്രാമീണർ വിശ്വസിക്കുന്നത് ദൈവകോപമാണ്, പാപഫലമാണ് എന്നിങ്ങനെയാണ്. ബുദ്ധിമാന്ദ്യം ഒരിക്കലും ആരുടേയും കർമ്മഫലമോ പാപഫലമോ അല്ല. തികച്ചും മാനസിക സംബന്ധിയായ ഒരു അവസ്ഥയാണിത്.

### ബുദ്ധിമാന്ദ്യം ഒരു രോഗമാണോ?

ബുദ്ധിമാന്ദ്യം ഒരിക്കലും ഒരു രോഗമല്ല. ഇത് ഒരു അവസ്ഥയാണ്. ഇത് കൂടുകയോ കുറയുകയോ ഇല്ല. ബുദ്ധിമാന്ദ്യത്തിന് ചികിത്സ തേടുന്നവരാണ് പലരും. എന്നാൽ ഇതിന് ചികിത്സയില്ല. പരിശീലനമാണ് ആവശ്യം. ബുദ്ധിമാന്ദ്യത്തോട് അനുബന്ധിച്ച് പലരോഗങ്ങളും വന്നുചേരാറുണ്ട്. ഇതിനാണ് ഡോക്ടേഴ്സ് മരുന്നു നൽകുന്നത്. ബുദ്ധിമാന്ദ്യത്തിന് ഒരിക്കലും മരുന്നില്ല.

### എങ്ങനെ പ്രതിരോധിക്കാം

ബുദ്ധിമാന്ദ്യത്തിനെ പ്രതിരോധിക്കണമെങ്കിൽ ഗർഭിണികൾ ഗർഭാവസ്ഥയുടെ തുട



**ബുദ്ധിമാന്ദ്യം ഒരിക്കലും ആരുടേയുംകർമ്മഫലമോ പാപഫലമോ അല്ല. തികച്ചും മാനസിക സംബന്ധിയായ ഒരു അവസ്ഥയാണിത്.**

ക്കം മുതലേ ശ്രദ്ധാലുക്കളായിരിക്കണം. ഡോക്ടർ നിർദ്ദേശിയ്ക്കുന്ന മരുന്നുകൾ മാത്രം കഴിയ്ക്കുക. വീഴ്ചകൾ, എക്സറേ, ആരോഗ്യപരമല്ലാത്ത ശീലങ്ങൾ (പുകവലി, മധ്യപാനം..) ഇതിൽ നിന്നെല്ലാം വിമുക്തരാവുക. ജനനശേഷം കുട്ടികളുടെ തലയ്ക്ക് ക്ഷതമേല്ക്കാതിരിയ്ക്കാൻ ശ്രദ്ധിക്കുക. പ്രതിരോധ കുത്തിവയ്പുകൾ കൃത്യസമയത്ത് എടുക്കുക. തുടങ്ങിയവ ഒരു പരിധി വരെ പ്രതിരോധമാർഗ്ഗങ്ങൾ ആണ്.

### പരിശീലനം

പലർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചകുട്ടികളെ എന്തിനാണ് സ്കൂളിൽ വിടുന്നത് എന്ന് ഇപ്പോഴും ശരിയായ ധാരണ യില്ല. സ്പെഷ്യൽ സ്കൂളുകൾ ഇന്ന് ധാരാളം ഉണ്ട്. ഇവർക്ക് പഠിക്കാൻ സാധിക്കില്ല എന്ന് കരുതി വീടിനുള്ളിൽ അടച്ചിടപ്പെട്ട അവസ്ഥകളും ഇന്ന് ധാരാളം ഉണ്ട്. എന്നാൽ ഇങ്ങനെയുള്ള സാഹചര്യത്തിൽ ബുദ്ധിമാന്ദ്യത്തിന് സ്കൂൾ സേവനങ്ങൾ കൂടിവരുന്നുണ്ട്. തൊഴിൽ പരമായ പരിശീലനവും ഇവർക്ക് നല്കി വരുന്നു.

സാധാരണ വിദ്യാലയങ്ങളെപ്പോലെ ഒരു പഠന രീതിയല്ല സ്പെഷ്യൽ സ്കൂളുകളിൽ നൽകുക. ഓരോ വിദ്യാർത്ഥികളെയും വ്യക്തിപരമായി മനസ്സിലാക്കി അവരുടെ കഴിവും കഴിവില്ലായ്മയും തിരിച്ചറിഞ്ഞ് ആവശ്യമായ പഠനക്രമം രൂപപ്പെടുത്തുന്നു. കൂടുതലും പരസഹായമില്ലാതെ ജീവിക്കാൻ പ്രാപ്തരാക്കുകയാണ് ആദ്യം ചെയ്യുന്നത്. മറ്റ് പഠനകാര്യത്തിൽ ഓരോ വ്യക്തിയുടേയും നിലവാരം അനുസരിച്ച് പഠിപ്പിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ബുദ്ധിമാന്ദ്യം ഉള്ള വ്യക്തിയെ സാധാരണക്കാരനായി സമൂഹത്തിന് നല്കയാണ്. ഇതാണ് ഓരോ സ്പെഷ്യൽ സ്കൂളുകളും ചെയ്യുന്നത്. 18 വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് തൊഴിൽ പരിശീലനവും നല്കി ഇവരെ വരുമാനമുള്ള വ്യക്തികളാക്കുന്നു.

### സാമൂഹിക പിന്തുണ

വിഭിന്ന ശേഷിക്കാരായ ഈ കുട്ടികൾക്ക് അവരെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾ നിലനിൽക്കണം എങ്കിൽ സമൂഹത്തിന്റെ കാര്യക്ഷമമായ പിന്തുണ ആവശ്യമാണ്. സാമ്പത്തികം എന്നതിലുപരി സാമൂഹികവും മാനസികവുമായ അംഗീകാരമാണ് സമൂഹത്തിൽ നിന്ന് ഇവർ പ്രതീക്ഷിക്കുന്നത്. ബുദ്ധിമാന്ദ്യം എന്ന് മുദ്രകുത്തി മാറ്റി നിർത്താതെ നമ്മിൽ ഒരുവനാണ് ഇവരെന്നുള്ള വ്യക്തിബോധം ഓരോ മനുഷ്യനിലും ഉടലെടുക്കണം. എങ്കിൽ മാത്രമേ പരമമായ ലക്ഷ്യത്തിൽ എത്തിച്ചേരാൻ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് സാധിക്കുകയുള്ളൂ.





# പാവങ്ങളുടെ വഴികാട്ടി



ബ്രദർ പയസുകുട്ടി അഗസ്റ്റ്യൻ OH

**പാ**വങ്ങളുടെ ആശ്രയമായ പുണ്യചരിതൻ ബ്രദർ ഫോർത്തുനാത്തൂസ് ഇന്നും ഹൈറേഞ്ചിലെ ജനഹൃദയങ്ങളിൽ ജീവിക്കുന്നു. ത്യാഗപൂർണ്ണവും വിശുദ്ധവുമായ അദ്ദേഹത്തിന്റെ ജീവിത മാതൃക ഹൈറേഞ്ചിലെ ജനങ്ങൾക്ക് ഇന്നും മറക്കാനാവാത്ത ഒരു അനുഭവമാണ്. അന്നമായും മരുന്നായും വസ്ത്രമായും പാർപ്പിടമായും ധനമായും നിറപുഞ്ചിരിയോടുകൂടി അദ്ദേഹം ഹൈറേഞ്ചിലെ സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങൾക്കിടയിലൂടെ സഞ്ചരിച്ചു. ജർമ്മനിയിലെ സമൃദ്ധി ഉപേക്ഷിച്ച് കേരളത്തിന്റെ മലയോര ഗ്രമാങ്ങളിലെ പാവപ്പെട്ടവരായ ജനങ്ങളുടെ ഇല്ലായ്മകളിൽ അദ്ദേഹം പങ്കുചേർന്നു. അവരിലൊരുവനെ പോലെ അദ്ദേഹം ജീവിച്ചു. വനമേഖലയായിരുന്ന ഈ പ്രദേശത്ത് അന്ന് കടകളോ റോഡുകളോ യാത്രാസൗകര്യങ്ങളോ വാർത്താവിനിമയ മാർഗ്ഗങ്ങളോ അടിസ്ഥാന ജീവിത സൗകര്യങ്ങൾ പോലുമോ ഉണ്ടായിരുന്നില്ല. ഇല്ലായ്മകളുടെ മധ്യത്തിൽ യാതൊരുവിധ പരിഭവമോ പരാതിയോ കൂടാതെ എളിമയിലും ദാരിദ്രത്തിലും പാവപ്പെട്ടവരുടെ അത്താണിയായി ബ്രദർ ഫോർത്തുനാത്തൂസ് ജീവിച്ചു. ഉള്ളതെല്ലാം പാവങ്ങൾക്ക് കൊടുക്കണം എന്ന ചിന്തയായിരുന്നു അദ്ദേഹത്തിന്. പാവപ്പെട്ട ജനങ്ങൾ സഹായം തേടിയെത്തുമ്പോൾ അവരെ ഒരിയ്ക്കലും അദ്ദേഹം വെറും കയ്യോടെ പറഞ്ഞു വിട്ടില്ല.

വീടില്ലാത്തവർക്ക് വീടുനിർമ്മിച്ചു കൊടുക്കുക, പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി ചികിത്സാ സൗകര്യങ്ങൾ നൽകുക, പാവപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ സഹായങ്ങൾ നൽകുക, ഭവനങ്ങൾ സന്ദർശിക്കുക, പാവപ്പെട്ടവർക്ക് സാമ്പത്തിക സഹായങ്ങൾ നൽകുക, ആത്മീയതയിലും ദൈവിക വിശ്വാസത്തിലും വളരാൻ ജനങ്ങളെ പ്രേരിപ്പിക്കുക തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ പ്രവർത്തന മേഖലകളായിരുന്നു.

ആശുപത്രിയിലേയ്ക്ക് മരുന്നുകളും മറ്റും കൊണ്ടു വരുന്ന പെട്ടികളും കാർഡ് ബോർഡുകളും പൊട്ടിച്ച് തറയിൽ നിരത്തി അദ്ദേഹം അതിൽ അന്തിയുറങ്ങിയിരുന്നു. പ്രാർത്ഥനയ്ക്കായി ചാപ്പലിൽ ആദ്യം എത്തുന്നത് ബ്രദർ ഫോർത്തുനാത്തൂസ് ആയിരുന്നു. പ്രാർത്ഥനയിലും ദൈവ ഭക്തിയിലും വളരെ നിഷ്ഠയുള്ള വ്യക്തിയായിരുന്നു ബ്രദർ ഫോർത്തുനാത്തൂസ്. ആഹാരം വളരെ കുറച്ചു മാത്രം കഴിച്ചിരുന്നു അദ്ദേഹം. ആഹാരസാധനങ്ങൾ പാഴാക്കാനോമിച്ചം വയ്ക്കാനോ അദ്ദേഹം ആരെയും അനുവദിക്കുമായിരുന്നില്ല. പാവപ്പെട്ടവരെ സഹായിക്കുക എന്നത് അദ്ദേഹത്തിന് എന്നും സന്തോഷം നൽകുന്ന പ്രവൃത്തിയായിരുന്നു. ബ്രദർ ഫോർത്തുനാത്തൂസ് സ്ഥാപിച്ച കട്ടപ്പനയിലെ “പ്രതീക്ഷാഭവൻ“ എന്ന പേരിലുള്ള അഗതിമന്ദിരത്തിലെ അന്തേവാസികളോടൊത്ത് സമയം ചിലവഴിക്കുന്നതിലായിരുന്നു അദ്ദേഹം ഏറ്റവുമധികം സന്തോഷവും സംതൃപ്തിയും കണ്ടെത്തിയിരുന്നത്. എല്ലാ രോഗികളുടേയും അടുത്തു ചെന്ന് അവരുടെ പേരു വിളിച്ച് വിശേഷങ്ങൾ ചോദിക്കുകയും കുശലാന്വേഷണങ്ങൾ നടത്തുകയും ചെയ്യുമായിരുന്നു. അവരോടൊത്ത് അവരിലൊരാളായി ജീവിക്കുവാനാണ് അദ്ദേഹം എന്നും ആഗ്രഹിച്ചിരുന്നത്. നിസ്സാരരിൽ നിസ്സാരനായി ജീവിച്ച് ലാളിത്യത്തിന്റെ മാതൃക അദ്ദേഹം സഹോദരങ്ങൾക്ക് പകർന്നു കൊടുത്തു. അതിന് ദൈവം നൽകിയ സമ്മാനമാണ് അദ്ദേഹത്തിനു ലഭിച്ച ദൈവദാസപദവി. അദ്ദേഹത്തിന്റെ ജീവിത വിശുദ്ധി ഹൈറേഞ്ചിലെ ജനലക്ഷങ്ങൾക്ക് മറക്കാനാവാത്ത അനുഭവമായി, ഓർമ്മയായി ഇന്നും നിലകൊള്ളുന്നു. ഈ പുണ്യവാന്റെ പാദസ്പർശമേറ്റ മലനിരകൾ വിശുദ്ധിയാൽ പൂരിതമാകട്ടെ. വിശുദ്ധിയുടെ കിരീടമണിയുവാൻ ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന് ഇടയാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. അദ്ദേഹത്തിന്റെ ജീവിത മാതൃക വിശുദ്ധിയിൽ വളരാൻ നമുക്ക് പ്രചോദനമാകട്ടെ.



**പാവപ്പെട്ടവരെ സഹായിക്കുക എന്നത് അദ്ദേഹത്തിന് എന്നും സന്തോഷം നൽകുന്ന പ്രവൃത്തിയായിരുന്നു.**




# ദീപ്തസ്മരണകൾ...



അലിന്റ ജോർജ്ജ്

"''അക്ഷരനക്ഷത്രം കോർത്ത ജപമാലയും
കൈയ്യിലേന്തി
അഗ്നിയിൽ സ്ഫുടം ചെയ്തെടുത്ത മനസ്സാം
ശംഖുമൂതി
ജന്മഗേഹം വിട്ടിറങ്ങി പോരുമഭയാർത്ഥിയാം നീ
ഭിക്ഷാപാത്രത്തിൽ നിറച്ചല്ലോ ഒത്തിരി
സ്നേഹാമൃതം''"

മനസ്സിന്റെ മനോമുകുരത്തിൽ നിറഞ്ഞ് നിൽക്കുന്ന ഓർമ്മകളാണ് ഈ വരികളിൽ തെളിഞ്ഞു നിൽക്കുന്നത്.

തെളിഞ്ഞ ആകാശം പോലെതെളിഞ്ഞ മനസ്സിൽ ആയിരം നക്ഷത്രങ്ങൾ തെളിഞ്ഞപ്പോൾ കൂമ്പിയ ഹൃത്തിന്റെ ഓടാമ്പലുകൾക്കിടയിലൂടെ ഒരു നക്ഷത്രം മാത്രം അല്പം കുനിഞ്ഞ് ഇരുകൈകളും മുമ്പോട്ടേയ്ക്കു നീട്ടി മാടി വിളിക്കുകയാണ്. ആത്മീയതയുടെ മട്ടുപ്പാവിലേയ്ക്ക് കാതങ്ങൾ അടുക്കുന്തോറും കാലങ്ങൾ മാറുന്തോറും ആ നക്ഷത്രത്തിന്റെ കാന്തിയേറി വരികയാണ്. വിളിച്ചതല്ലേ, വിളിച്ചുകൊണ്ടിരിക്കുകയല്ലേ വരില്ലന്നെങ്ങനാ പറയുന്നത്? അതു കൊണ്ട് പോയി, കണ്ടു, നക്ഷത്രത്തെ തിരിച്ചറിഞ്ഞു. തേജോമയമായ മുഖകാന്തിയിൽ ഈ നക്ഷത്രം ഉദിച്ചുയർന്നത് എന്റെ ഉള്ളിൽ മാത്രമല്ല എന്ന് ഞാൻ തിരിച്ചറിഞ്ഞു. അറിയ്യോ ഈ നക്ഷത്രം ആരാണെന്ന്? 'വല്യച്ചൻ'" "'പാവങ്ങളുടെ വല്യച്ചൻ'" "'ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് താൻഹോയ്സർ'" അകിൽ പോലെ പുകഞ്ഞ് ചന്ദനം പോലെ അരഞ്ഞ് അനേകർക്ക് സുഗന്ധമേകിയ ഈ കർമ്മയോഗി നമ്മോടു യാത്രപറഞ്ഞ് ദൈവപിതാവിന്റെ സന്നിധിയിൽ ഉപവിഷ്ടനായെങ്കിലും പുണ്യതാതന്റെ ജീവിക്കുന്ന ഓർമ്മകളെ സാക്ഷിയാക്കി ഹൈറേഞ്ചിന്റെ മക്കൾ വല്യച്ചന്റെ 11 ാം ശ്രാദ്ധം ആചരിച്ചു. വല്യച്ചനെപറ്റിയുള്ള ദീപ്തസ്മരണകളുമായി ഹൈറേഞ്ചിന്റെ വിവിധഭാഗങ്ങളിൽ നിന്നും അനേകർ കട്ടപ്പനയിലേയ്ക്ക് ചേക്കേറി. ഒരുമയുടെ ശീലുകൾ മുറുകെപിടിച്ചുകൊണ്ട് കട്ടപ്പന സെന്റ് ജോർജ്ജ് ഫൊറോനാ പള്ളിയുടെ നേതൃത്വത്തിൽ ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡും, സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ്


സെന്റ് ജോൺ ഓഫ് ഗോഡും ഹൈറേഞ്ചിന്റെ പ്രിയമക്കളും ഒന്നുചേർന്ന് 2016 നവംബർ 21 നെ ഒരു വിശുദ്ധ ദിനമാക്കി. കട്ടപ്പന ഇടവകയുടെ നേതൃത്വത്തിൽ കൃത്യതയും നിഷ്ഠയുമുള്ള ക്രമീകരണങ്ങളോടെ, ശ്രാദ്ധമാഘോഷിക്കുവാനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കി. വല്യച്ചന്റെ കാലടികൾ പതിഞ്ഞ പുണ്യഭൂമിയിലൂടെ ദേവാലയത്തെ ലക്ഷ്യമാക്കിയുള്ള യാത്രയിൽ പലതും ഞാൻ തിരിച്ചറിഞ്ഞു. വല്യച്ചന്റെ കബറിടം മുതൽ പള്ളിവരെ പാതയോരങ്ങൾ അലങ്കരിച്ചിരുന്നു. അവവിശുദ്ധിയുടെ പരിമളം പരത്തുന്ന ഇളം കാറ്റിൽ ആടിയുലയുമ്പോൾ എന്തൊക്കെയോ പറയാൻ ശ്രമിക്കുന്നതായ തോന്നി. പക്ഷേ എനിക്കവയുടെ ഭാഷ അറിയാതെ പോയല്ലോ. ജർമ്മനിയുടെ സുഖസൗകര്യങ്ങളെല്ലാം ഉപേക്ഷിച്ച് മലമടക്കിന്റെ നിസ്സാരതയിൽ ഭവനം തീർത്ത വല്യച്ചൻ അനേകായിരങ്ങളെ എത്രത്തോളം സ്വാധീനിച്ചു എന്നതിനെ വെളിപ്പെടുത്തുന്നതായിരുന്നു വിശുദ്ധകുർബാനക്കായി പള്ളിയിലേയ്ക്ക് കടന്നുവന്ന മൂവായിരത്തോളം വരുന്ന ജനങ്ങളുടെ പെരുപ്പം കാഞ്ഞിരപ്പള്ളി രൂപതയുടെ പ്രഥമ സഹായ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയിൽ, ഉയരുന്ന കാസയിലേയ്ക്ക് വല്യച്ചന്റെ മാദ്ധ്യസ്ഥ്യം തേടി യാചനകളും നിയോഗങ്ങളും പ്രാർത്ഥനകളും സമർപ്പിക്കാൻ ആയിരങ്ങൾ... ദൈവാലയ പരിസരം വിശുദ്ധമായ അന്തരീക്ഷത്താൽ മുഖരിതമായിരുന്നു. അഭിവന്ദ്യ പിതാവ് പരിശുദ്ധ കുർബാന മധ്യേ ഈശോയുടെ കാരുണ്യത്തിന്റെ, സഭയുടെ കാരുണ്യത്തിന്റെ മുഖം അനേകായിരങ്ങളിലേയ്ക്ക് പ്രസരിപ്പിക്കുവാൻ ദൈവം തിരഞ്ഞെടുത്ത കരുണയുടെ ഉപകരണമാണ് വല്യച്ചനെന്ന് ചടുലമായ വാക്കുകളിലൂടെ സമർത്ഥിച്ചപ്പോൾ ദൈവാലയത്തിന്റെ പരിശുദ്ധിയിൽ പ്രാർത്ഥനാ നിർഭരമായിരുന്ന ആയിരങ്ങളുടെ ഹൃദയങ്ങൾ ജ്വലിക്കുകയായിരുന്നു. കണ്ണുകൾ നിറയുകയായിരുന്നു. മലനാട്ടിലെ മനുഷ്യ സ്നേഹിയെപ്പറ്റി പറയുമ്പോൾ ആർക്കാണ് വാചാലനാകാതിരിക്കാനാകുക. പിന്നെ വല്യച്ചന്റെ കബറിടത്തിലേയ്ക്ക് ഒരു തീർത്ഥയാത്ര!. വാദ്യമേളങ്ങൾ, മുത്തുക്കുടകൾ, സെന്റ് സെബാസ്റ്റ്യൻസ് കോളജിലെ വിദ്യാർത്ഥികൾ, സെന്റ് ജോൺസ് ഹോസ്പിറ്റലിലെ നേഴ്സിംഗ് സ്റ്റാഫ്, നേഴ്സിംഗ് സ്റ്റുഡന്റ്സ്, സെന്റ് ജോൺ ഓഫ് ഗോഡ് ബ്രദേഴ്സ്, സിസ്റ്റേഴ്സ്, ഇടവകാംഗങ്ങൾ, ഹൈറേഞ്ചിലെ മക്കൾ ഇങ്ങനെ പ്രൗഢഗംഭീരമായ ഒരു നീണ്ട നിര പ്രദക്ഷിണം ഭക്തിനിർഭരമായി വല്യച്ചന്റെ കബറിടം ലക്ഷ്യമാക്കി മുന്നോട്ട് നീങ്ങിയപ്പോൾ ആയിരങ്ങളുടെ ഹൃദയത്തിൽ നിന്നും ഉയരുന്ന പ്രാർത്ഥനയിൽ ഉയർന്നു കേൾക്കുന്ന സകല വിശുദ്ധരോടുമുള്ള ലുത്തിനിയയിൽ പ്രകൃതി പോലും ലയിച്ച് നിശ്ചലമായതു പോലെ. കബറിടത്തിലേയ്ക്കുള്ള യാത്ര അതിന്റെ അന്ത്യത്തിലെത്തിയപ്പോൾ പുഞ്ചിരിച്ചു കൊണ്ടുനിൽക്കുന്നവല്യച്ചൻ!!. നിറയുന്ന കണ്ണുകളും വിങ്ങുന്ന ഹൃദയങ്ങളും തങ്ങളുടെ ദൃഷ്ടിയെ അങ്ങോട്ടേയ്ക്ക് നയിച്ചു. വല്യച്ചന്റെ രൂപത്തിന്റെ ചുറ്റും പ്രസരിക്കുന്ന കിരണങ്ങൾ പോലെ മനോഹരമായി റിബൺ കൊണ്ട് അലങ്കരിച്ചിരിക്കുന്നു. കബറിടത്തിനു മുമ്പിൽ ഒരു



**അകിൽ പോലെ പുകഞ്ഞ് ചന്ദനം പോലെ അരഞ്ഞ് അനേകർക്ക് സുഗന്ധമേകിയ കർമ്മയോഗിയായ ദൈവദാസൻ ബ്രദർ ഫോർത്തനാത്തൂസിന്റെ 11-ാം ശ്രാദ്ധം 2016 നവംബർ 21 ന് ആചരിച്ചു.**

ക്കിയിരിക്കുന്ന പന്തലിലും അങ്ങനെ തന്നെ. അവയോരോന്നും വല്യച്ചനിൽ പ്രസരിച്ചിരുന്ന, പ്രതിഫലിച്ചിരുന്ന പുണ്യങ്ങളും സുകൃതങ്ങളുമാണെന്ന് കർണ്ണപുടങ്ങളിൽ ആരോമന്ത്രിക്കുന്നതു പോലെ. ദീപാലംകൃതവും പുഷ്പാലംകൃതവുമായ കബറിടത്തിനു മുമ്പിൽ കണ്ണിൽ കണ്ണീരോടെ, നെഞ്ചിൽ തീയോടെ പ്രാർത്ഥിക്കുന്ന ആയിരങ്ങൾ. കബറിടത്തിൽ ഒന്നുതൊട്ട് അനുഗ്രഹം പ്രാപിക്കാൻ വീർപ്പുമുട്ടുന്ന ഹൃദയങ്ങൾ. നൊമ്പരങ്ങളെ തിരുമുൻക്കാഴ്ചയായി അർപ്പിക്കുന്ന ആബാലവൃന്ദം ജനങ്ങൾ,അതിലെല്ലാമുപരി ഹൈറേഞ്ചിന്റെ വിശുദ്ധൻ എന്ന് തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെട്ട സുന്ദരസ്വപ്നം യാഥാർഥ്യമാകാൻ കെഞ്ചുന്ന എളിയ ഹൃദയങ്ങൾ. ദൈവമേ, പാവങ്ങളുടെ വല്യച്ചനെ നീ വിശുദ്ധിയുടെ കിരീടമണിയിക്കുന്നത് ദർശിക്കാൻ ഇനിയെത്രനാൾ...? ഹൃദയാഭിലാഷങ്ങൾ സമർപ്പിച്ച ശേഷം ആത്മനിർവൃതിയോടെ കബറിടത്തിൽ നിന്നും പുറത്തേയ്ക്കിറങ്ങുന്നവരെയും കാത്ത് ശ്രാദ്ധസദ്യയൊരുക്കി കാത്തിരിക്കുന്ന വിവിധ സംഘടനകൾ, നേഴ്സിംഗ് സ്റ്റുഡന്റ്സ്. പ്രാർത്ഥനയോടെ ശ്രാദ്ധ സദ്യ കഴിക്കുമ്പോഴും ഹൃദയം നിറയെ പ്രാർത്ഥനകളും നന്ദിയും. അനേകരുടെ ആശ്രാന്തപരിശ്രമങ്ങൾ, പ്രാർത്ഥനകൾ ഫലമണിയുന്ന ദിനത്തിനായി ഇനി കാത്തിരിക്കൂ. ധന്യൻ, വാഴ്ത്തപ്പെട്ടവൻ എന്നീ പദവികളും കടന്ന് വിശുദ്ധനെന്ന പുണ്യപദവിയിലേയ്ക്ക് ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് താൻഹോയ്സർ എന്ന വിശുദ്ധാത്മാവിനെ ഉയർത്തുന്നത് കാണാൻ. ആത്മാവിന്റെ ലാളിത്യം കരങ്ങളിലൂടെ കാരുണ്യത്തിന്റെ ജലധാരയായി ഒഴുകിയിറങ്ങിപ്പോൾ ആ കരുണക്കടലിൽ നിന്ന് ആവോളം പാനം ചെയ്ത ഹൈറേഞ്ചിന്റെ മക്കളുടെ പ്രാർത്ഥനകൾ പൂവണിയട്ടെ. ഹൃദയത്തിലുദിച്ച ഈ ദീപ്ത നക്ഷത്രം സ്വർഗ്ഗരാജ്യത്തിൽ ഒളിമങ്ങാതെ പ്രശോഭിക്കട്ടെ.





# ഞങ്ങളുടെ വല്യച്ചൻ

## മത്തായി പ്രതീക്ഷാ ഭവൻ

1994 നവംബർ മാസത്തിലാണ് ഞാൻ പ്രതീക്ഷാഭവനിൽ വന്നത്. മരിച്ചുപോകുമെന്ന ഒരവസ്ഥയിലാണ് ഞാനിവിടെ എത്തിയത്. ഇവിടെ സ്ഥലമില്ലാതിരുന്നതിനാൽ വരാന്തയിൽ കിടക്കാൻ ഇഷ്ടമാണോ എന്ന് വല്യച്ചൻ ചോദിച്ചു.. വരാന്തയിൽ കിടന്നാൽ മതി എന്നുപറഞ്ഞ് ഞാൻ രണ്ടുമൂന്നു ദിവസം അവിടെ കിടന്നു. അതു കഴിഞ്ഞ് വാർഡിലോക്ക് മാറ്റി. വല്യച്ചൻ എല്ലാ ദിവസവും വരികയും ക്ഷേമാന്വേഷണങ്ങൾ നടത്തുകയും ചെയ്തിരുന്നു. ഒരു മണിക്കൂറിലധികം സമയം എന്റെയടുത്ത് ഇരിക്കുമായിരുന്നു. എപ്പോൾ വരുമ്പോഴും എന്തെങ്കിലും കൊണ്ടു വന്നു തന്നിരുന്നു. വരാതിരുന്നാൽ വിഷമം തോന്നുമായിരുന്നു. വഴക്കൊന്നും പറഞ്ഞിട്ടുമില്ല, ദേഷ്യപ്പെട്ട് സംസാരിച്ചിട്ടുമില്ല. എല്ലാവരേയും ഒരുപോലെ കാണുമായിരുന്നു. വല്യച്ചൻ അടുത്തു വരുമ്പോൾ തന്നെ പകുതി അസുഖം മാറിയതുപോലെ തോന്നിയിരുന്നു. മരിക്കുന്നതിന് ഒരാഴ്ച മുമ്പ് വന്നിട്ട് ഇനി വരുകയില്ലാ എന്നും പറഞ്ഞിരുന്നു. വല്യച്ചന്റെ മരണ വാർത്ത വലിയ വിഷമത്തോടെയാണ് സ്വീകരിച്ചത്. വല്യച്ചന്റെ സ്നേഹവും ശുശ്രൂഷയും വളരെയധികം ഞാൻ അനുഭവിച്ചിട്ടുണ്ട്. സ്നേഹം എന്തെന്ന് അറിഞ്ഞത് പ്രതീക്ഷാഭവനിൽ വന്നതിനു ശേഷമാണ്. ശുശ്രൂഷാസമയം ആരെങ്കിലും സഹായിക്കണമോ എന്നു ചോദിച്ചു വന്നാൽ "തനിയെ ചെയ്തോളാം എന്നു പറഞ്ഞ് തനിയെ ചെയ്യുമായിരുന്നു. ഞാൻ മരിക്കുന്നതിനു മുമ്പ് വല്യച്ചൻ വിശുദ്ധനാകണം എന്നതാണെന്റെ ആഗ്രഹം.

## സലേത്ത് പ്രതീക്ഷാ ഭവൻ

2001 ജൂലൈ മാസം 3 ാം തിയതി ഞാൻ പ്രതീക്ഷാ ഭവനിൽ വന്നു. കൂട്ടായ്മ ലീഡേഴ്സാണ് എന്നെ ഇവിടെ കൊണ്ടുവന്നാക്കിയത് കൈയ്യും കാലും അനക്കാനോ ഒന്നും ചെയ്യാനോ പറ്റാത്ത അവസ്ഥയിലായിരുന്നു ഞാൻ. മൂന്നാം ദിവസം വല്യച്ചൻ എന്റെ അടുത്തുവന്നു. ഒന്നും തനിയെ ചെയ്യാൻ സാധിക്കാത്ത, നിസ്സഹായനായ എനിയ്ക്ക് വേണ്ട ശുശ്രൂഷകളെല്ലാം മൂന്നു മാസത്തോളം ഇവിടെയുള്ള സിസ്റ്റേഴ്സ് ചെയ്തു തരികയായിരുന്നു. വല്യച്ചൻ നിത്യേന എന്നെ കാണാൻ വരും. വരുമ്പോഴെല്ലാം വല്യച്ചന്റെ കയ്യിൽ എന്തെങ്കിലും ഉണ്ടായിരുന്നു. ഏത്തക്കാ പുഴുങ്ങിയത് കൈകൊണ്ട് വായ്ക്കകത്തു വച്ചു തരുമായിരുന്നു. ഒരു മാസം വരെ എനിക്ക് ഭക്ഷണം



വാരിത്തന്നു. പിന്നീട് കൈനിവർത്താനായി പരിശ്രമിച്ചു. വല്യച്ചൻ വന്നാൽ കട്ടിലിൽ ഇരുന്ന് നല്ല കാര്യങ്ങൾ പറഞ്ഞു തരും. ഞാൻ എപ്പോഴും വല്യച്ചന്റെ പാദം തൊട്ടു വണങ്ങാറുണ്ട്. 4 വർഷത്തെ പരിചയമേ ഉള്ളൂവെങ്കിലും നാല്പതു വർഷത്തെ അനുഭവമാണ് എന്റെ ഉള്ളിൽ നിറഞ്ഞു നിൽക്കുന്നത്. പതിനഞ്ചു വർഷമായി ഞാൻ ഹോസ്പിറ്റലിലേയ്ക്കു കൊടുക്കാനായി കവർ ഉണ്ടാക്കുന്ന ജോലിയാണ് ചെയ്യുന്നത്. രോഗിയെ ഈശോയായി കണ്ട് ശുശ്രൂഷിച്ച വല്യച്ചന്റെ പാതപിൻതുടർന്ന ബ്രദേഴ്സ്, സിസ്റ്റേഴ്സ് അറപ്പോ വെറുപ്പോ കൂടാതെ ദൈവത്തെ കാണുന്നതു പോലെയാണ് അവർ ഞങ്ങളെ കണ്ടുശുശ്രൂഷിക്കുന്നത്. എനിക്കു കിട്ടിയ സ്നേഹം തിരിച്ചു നന്മ ചെയ്യാനായി എന്നെ പ്രേരിപ്പിക്കുന്നു. വല്യച്ചൻ നന്മയേ ചെയ്തിട്ടുള്ളൂ. അദ്ദേഹം എപ്പോഴും എന്റെ മുമ്പിലുള്ളതു പോലെ ഞാൻ കാണുന്നു. വല്യച്ചൻ ഒരിയ്ക്കലും ദേഷ്യപ്പെട്ടു പറയുന്നതായിട്ടോ കർശനമായി പെരുമാറിയതായിട്ടോ കണ്ടിട്ടില്ല. വല്യച്ചൻ മരിച്ച വാർത്ത വലിയ വേദനയാണ് എന്നിലുളവാക്കിയത്. ദൈവത്തോടുകൂടെയായിരിക്കാൻ കഴിയുന്നു. എല്ലാം ദൈവത്തിന്റെ ദാനമായിട്ടു കാണുന്നു.



## റോസമ്മ പ്രതീക്ഷാ ഭവൻ

1993 ജനുവരി 28 ാം തീയതിയാണ് റോസമ്മ എന്നു പറയുന്ന ഞാൻ പ്രതീക്ഷാ ഭവനിൽ വന്നത്. മാനസിക രോഗിയായ എനിക്ക് അച്ചന്റെ കാരുണ്യം കൊണ്ട് ഇവിടെ ഒരു അഡ്മിഷൻ ഇവിടെ കിട്ടി. അച്ചൻ എന്നെ ഇവിടെ താമസിപ്പിച്ചില്ലായിരുന്നുവെങ്കിൽ എന്റെ ജീവിതം തകിടം മറിഞ്ഞേനെ. വല്യച്ചൻ എന്നു പറഞ്ഞാൽ പാവങ്ങൾക്കു വേണ്ടി ജീവൻ ബലിയർപ്പിച്ചവനാണെന്ന് എന്റെ അനുഭവത്തിൽ നിന്നും എനിക്ക് പറയാൻ സാധിക്കും. അച്ചനുണ്ടായിരുന്നപ്പോൾ ധാരാളം ആളുകൾ എല്ലാ ശനിയാഴ്ചയും ഇവിടെ വന്നിരുന്നു. "''പാവങ്ങളുടെ വല്യച്ചൻ''" എന്ന പേര് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വളരെ അർത്ഥവത്താണ്. മത്തായിയുടെ സുവിശേഷം 25ാം അദ്ധ്യായം 40 ാം വാക്യത്തിൽ ഇങ്ങനെ പറയുന്നു. ''എന്റെ ഈ ചെറിയ സഹോദരരിൽ ഒരുവന് സഹായം ചെയ്തപ്പോൾ എനിയ്ക്കു തന്നെയാണ് ചെയ്തത്''". ഈ വചനം ജീവിതത്തിൽ പ്രാവർത്തികമാക്കിയ വ്യക്തിയാണ് ഞങ്ങളുടെ വല്യച്ചൻ. മലനാട്ടിലെ ഒരു മനുഷ്യസ്നേഹിതന്നെയായിരുന്നു അദ്ദേഹം. യാതൊരു അല്ലലും കൂടാതെയാണ് അച്ചൻ ഞങ്ങളെ പോറ്റി വളർത്തിയത്. മരുന്ന്, വസ്ത്രം, ആഹാരം, എണ്ണ, സോപ്പ് ഇവയെല്ലാം നിർല്ലോപം ഞങ്ങൾക്ക് ലഭിച്ചിരുന്നു. പ്രതീക്ഷാ ഭവനിലെ കിടപ്പുരോഗികളെ കുളിപ്പിക്കുന്നതിനും അവരുടെ മലമൂത്രവിസർജ്ജ്യ വസ്തുക്കൾ എടുത്തുകളയുന്നതിനും വല്യച്ചന് യാതൊരു ബുദ്ധിമുട്ടുമില്ലായിരുന്നു. അതെല്ലാം ഈശോയെ ശുശ്രൂഷിക്കുന്നതു പോലെയാണ് അദ്ദേഹം ചെയ്തിരുന്നത്.

എന്നെ സംബന്ധിച്ച് മരുന്ന് ഏറ്റവും ആവശ്യമായ ഒന്നായിരുന്നു. അദ്ദേഹത്തിന്റെ മഹാമനസ്കതയകൊണ്ട് മൂലമറ്റത്തുള്ള ആശുപത്രിയിൽ ചികിത്സയ്ക്കായി സിസ്റ്റർ എന്നെ കൊണ്ടുപോയി. എന്റെ മനസ്സിൽ അദ്ദേഹം ഒരു നല്ല സമരിയക്കാരനായി തിളങ്ങിനിൽക്കുന്നു. ആ പുണ്യവാന്റെ ശുശ്രൂഷ സ്വീകരിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചതിൽ ദൈവമേ നിനക്കു സ്തുതി. അദ്ദേഹം വിശുദ്ധനായി കാണുവാൻ ഞാൻ എന്നും ആഗ്രഹിക്കുന്നു.



# വിരൽത്തുമ്പ്

**പോസ്ററുലെൻസ്**

**ഉ**മ്മറത്തെ നിലംപൊത്താറായ തൂണിൻമേൽ ചാരിയിരുന്ന് അവൾ വിതുമ്പുകയാണ്. ആ വിതുമ്പൽ ഏങ്ങലടികളായും പൊട്ടിക്കരച്ചിലായും ഉയർത്തണമെന്ന് ഉള്ളിൽ ഒരുപാടാഗ്രഹമുണ്ട്. പക്ഷേ, എന്ത് ചെയ്യാൻ? നെറികെട്ട കുറേ പാഴ്ജന്മങ്ങളുടെ ശാപശീൽക്കാരങ്ങൾ കർണ്ണപടത്തിൽ കൂരമ്പുപോലെയല്ലേ തുളച്ചുകയറുന്നത്. ആ ഇരിപ്പ് അങ്ങനെ തന്നെ തുടരുകയാണ്. ഇതിനിയെത്ര നീളുമെന്നും അറിയില്ല. അവളുടെ ഇന്ദ്രനീലക്കണ്ണുകളിലെ അശ്രുധാരയെ തുടച്ചുനീക്കി മേഘപാളികളെ പ്ലവിപ്പിച്ചുകൊണ്ടിരിക്കുന്ന സായാഹ്നമന്ദമാരുതന്റെ ലഘുനിശ്വാസനങ്ങൾ നിദ്രാവിവശരായ പ്രപഞ്ചത്തിൻമേൽ ഒഴുകിവീഴുന്ന വെണ്ണിലാവെളിച്ചത്തിലേയ്ക്ക് പ്രശാന്തഗംഭീരമായ നീലാംബരത്തിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രജാലങ്ങളിലേയ്ക്ക് അവളുടെ നയനങ്ങളെ പായിച്ചു. വിദൂരതയിലേയ്ക്ക് കണ്ണുകളയച്ച് വലിയ വൃക്ഷങ്ങൾക്കപ്പുറത്തുനിന്ന് എത്തിനോക്കുന്ന ശ്വേതചന്ദ്രനെ അവൾ ഉറ്റുനോക്കി. ചന്ദ്രപ്രഭപോലെ പ്രശോഭയേറിയ ജീവിതത്തിന്റെ സുന്ദരനിമിഷങ്ങൾ അവൾക്കുമുണ്ടായിരുന്നു. ഇന്നലെകളുടെ നിറപ്പകിട്ടാർന്ന ഓർമ്മകളിൽ വരെ. ആ ഓർമ്മകൾ അവളെ തിരികെ വിളിക്കുകയാണ് ഇന്നലെകളിലേയ്ക്ക്.""

കഴിഞ്ഞ പള്ളിപ്പെരുന്നാളിന് എത്ര സന്തോഷവതിയായിട്ടാണ് ഞാൻ അപ്പയുടേയും അമ്മയുടേയും കൈകളിൽ തൂങ്ങി പള്ളിമുറ്റത്തെ നടകൾ ഓരോന്നായി ചവിട്ടിക്കയറിയത്. ഉള്ളിൽ ഒരുത്സവം തന്നെയായിരുന്നു. അല്ല, എങ്ങനെ സന്തോഷിക്കാതിരിക്കും എന്റെ പിഞ്ചു മനസ്സ് ദാഹിച്ചതും കാത്തിരുന്നതും വാശിപിടിച്ചതും ഒരു പള്ളിപ്പെരുന്നാളിന്റെ സുന്ദരസുദിനത്തിനു വേണ്ടിയായിരുന്നില്ലേ. പക്ഷേ ഇനിയൊരിക്കലും..... ഒരിക്കലും ഞാൻ ആ സുന്ദരസുദിനത്തിനായി ആഗ്രഹിക്കില്ല. ആഗ്രഹിച്ചാലും കിനാവുകാണാനല്ലാതെ മറ്റെന്താണ് തനിക്കിനിയാവുക.

ചിന്തിക്കടകളിലെ വർണ്ണാഭമായ കാഴ്ചകളിൽ കണ്ണുടക്കി നിൽക്കുമ്പോൾ അപ്പ പതിയെ എന്റെ കയ്യിൽ ഒന്നു വലിക്കും. ദയനീയമായ എന്റെ നോട്ടം അപ്പയുടേയും അമ്മയുടേയും ഇടയിൽ ഒരു സംഭാഷണം ജനിപ്പിക്കും. പിന്നെ എനിക്കെന്തെല്ലാം വേണോ അതെല്ലാം എന്റെ കുഞ്ഞുകൈകളിലുണ്ടാവും. ഞാനെന്ത് പറഞ്ഞാലും അതെല്ലാം എനിക്ക് സാധിച്ചു തരും. അന്ന് പള്ളിമുറ്റത്ത് വച്ച് ഞാൻ... ഞാൻ വാശിപിടിച്ചപ്പോൾ..... ഹൈഡ്രജൻ ബലൂണിനൊപ്പം പറക്കാൻ കരഞ്ഞപ്പോൾ രണ്ട് കൈകളിലും പൊക്കിയിട്ട് എന്നെ താഴേയ്ക്ക് ഒറ്റയിടീൽ. എന്റമ്മോ!. പിന്നെ അപ്പാ എന്ന ഒരു വിളിയിൽ ഞാൻ അപ്പയുടെ കൈകളിൽ വന്ന് വീണതു മാത്രം ഓർമ്മയുണ്ട്. ഇനി..... ഇനിയാരാണ് എന്നെ ഇങ്ങനെ ലാളിക്കുക, കാലം മാറ്റിവച്ച വിധിയില മർന്നത് ഈ സ്നേഹവും ലാളനയുമൊക്കെയല്ലേ. ആഘോഷ തിമിർപ്പിനിടയിൽ കത്തിയമർന്നില്ലേ എല്ലാം..... പ്രതികാരദാഹിയായ അമിട്ടകലി തുള്ളി തകർന്ന് വീണപ്പോൾ പൊലിഞ്ഞതല്ലേ ആ രണ്ട് ജീവനുകൾ. പിന്നെ സംഭവിച്ചതെന്തെന്ന് ഒരോർമ്മയുമില്ല. ഒന്നുമാത്രം ഓർമ്മയുണ്ട്. ഈ ഉമ്മറത്തെ ഇരുപ്പിടവും സാന്ത്വനത്തിന് പകരം ശാപവാക്കുകൾ പൊഴിച്ച ചില മുഖങ്ങളെയും. ഇനി ഞാൻ.... ഞാൻ മാത്രം... ശാപഗ്രസ്ഥമായ ഈ ഭൂമിയിൽ ഒറ്റയ്ക്ക്.

ഇന്നവൾ ഒറ്റയ്ക്കാണ്. ഇതുവരെ കൂട്ടിനുണ്ടായിരുന്നതെല്ലാം, എല്ലാം അവൾക്കു നഷ്ടമായി. മരവിച്ച മനസ്സിൽ കയറിയിറങ്ങിയ ഓർമ്മകൾ ഇന്നവളെകൊണ്ടെത്തിച്ചത് അനാഥത്വത്തിന്റെ കരിനിഴൽ വീഴ്ത്തിയ ഒരു രാത്രിയിലാണ്. ഇവിടെ ഇവൾക്ക് താങ്ങാകാൻ നിന്റെ വിരൽത്തുമ്പ് ഒന്നുനീട്ടിക്കൂടെ..?





# പ്രതികരണം

കഴിഞ്ഞ ആഴ്ചകളിലായി സോഷ്യൽ മീഡിയയിൽ പ്രചരിച്ചു കൊണ്ടിരിക്കുന്ന ഓഡിയോ ക്ലിപ്പുകളോടുള്ള പ്രതികരണം



സി. എൽസിറ്റ് ടോം, SCJG

**ഒ**രു സഹോദരിയുടെ ഓഡിയോ ക്ലിപ്പ് കേട്ടു. അറിവില്ലായ്മ ദൈവം ക്ഷമിക്കും സഹോദരിക്ക് അിറവില്ലാത്തു കൊണ്ടാണ് ഇങ്ങനെ ഒക്കെ പറഞ്ഞത്. അതിനാൽ കർത്താവ് സഹോദരിയോട് ക്ഷമിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. 'ക്രിസ്ത്യാനി' എന്നാൽ ക്രിസ്തുവിന്റെ അനുയായി എന്നാണ് അർത്ഥം. ക്രിസ്തു ഈ ലോകത്തിലെ ഒരു പ്രത്യേക ജനതയുടെ സ്വന്തമല്ല. സർവ്വചരാചരങ്ങളുടേയും സർവ്വസൃഷ്ടപ്രപഞ്ചത്തിന്റേയും സൃഷ്ടികർത്താവും നാഥനും രക്ഷകനും ആണ് അവിടുന്ന് സഹോദരിയുടേയും രക്ഷകനാണ്. ഈ ഭൂമിയിൽ ജനിച്ച ജനിക്കാനിരിക്കുന്ന എല്ലാ മനുഷ്യരുടേയും സർവ്വജനപദങ്ങളുടേയും രക്ഷകൻ. സർവ്വരുടേയും പാപങ്ങൾക്ക് പരിഹാര ബലിയായി തന്നെ തന്നെ സമർപ്പിച്ചവൻ. സഹോദരി വിശ്വസിച്ചാലും ഇല്ലെങ്കിലും സഹോദരിക്കുവേണ്ടികൂടിയാണ് അവിടുന്നു പീഢയേറ്റ് മരിച്ചത്.

ക്രിസ്തു പഠിപ്പിക്കുന്നത് ശത്രുക്കളോട് ക്ഷമിക്കണം എന്നു മാത്രമല്ല, അവരെ സ്നേഹിക്കണം അവർക്കു വേണ്ടി പ്രാർത്ഥിക്കണം എന്നാണ്. ക്രിസ്ത്യാനി ശത്രുക്കളെ ഇല്ലാതാക്കേണ്ടത് അവരെ കൊന്നിട്ടല്ല. പ്രത്യുത അവരെ സ്നേഹിച്ച് സ്നേഹിതരാക്കിക്കൊണ്ടാണ്. ഈശോ അതാണ് കുരിശിൽ കിടന്നുകൊണ്ട് കാണിച്ചു തന്നത്. തന്നെ നിഷ്ഠൂരമായി പീഢിപ്പിക്കുകയും അവഹേളിക്കുകയും കുരിശിൽ തറയക്കുകയും പരിഹസിക്കുകയും ഒക്കെ ചെയ്തവർക്കുവേണ്ടി അവിടുന്ന് പിതാവിനോട് (ദൈവത്തോട്) പ്രാർത്ഥിച്ചു. 'പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ' തങ്ങളുടെ രക്ഷകൻ തങ്ങളുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുന്ന ദൈവപുത്രനാണെന്ന് അവർ വിശ്വസിക്കാത്തതുകൊണ്ടാണ് അത്രയധികം ദ്രോഹം അവിടുത്തോട് ചെയ്യതത്. അവിടുന്ന് ഒരു തെറ്റും ചെയ്തിട്ടില്ലായിരുന്നു. സ്നേഹിക്കുക മാത്രമാണ് അവിടുന്ന് ചെയ്യത്. അതുപോലെ ഈ സഹോദരിക്കറിയില്ല അവൾക്കു വേണ്ടി കൂടി ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നവരാണ് സന്യാസിനികൾ എന്ന് അവർ ചെയ്യേണ്ട നന്മ പ്രവർത്തികൾ കൂടി ചെയ്യുന്നവരാണ് ഇക്കൂട്ടർ എന്ന്.

സഹോദരി പറയുന്നുണ്ട് ക്രിസ്ത്യാനികളാണ് ഭരിക്കുന്നത് എന്ന് അതൊരു വിധത്തിൽ ശരിയാണ്. ക്രിസ്ത്യാനി ലോകത്തെ ഭരിക്കുന്നുങ്കിൽ അത് അതിന്റെ ധാർമ്മികത കൊണ്ടാണ്. സ്നേഹം കൊണ്ട് ആണ് അല്ലാതെ രാഷ്ട്രീയം കൊണ്ടല്ല. ശാന്തത കൊണ്ടാണ്. വചനം പറയുന്നു, ''ശാന്തശീലർ ഭാഗ്യവാന്മാർ അവർ ഭൂമി അവകാശമാക്കും'' mt.5.5

ക്രിസ്ത്യാനി അവരോട് എന്തു ചെയ്താലും പ്രതികരിക്കില്ല. അവരോട് തിന്മ ചെയ്യുന്നവർക്കു വേണ്ടി പ്രാർത്ഥിക്കും. അത് കഴിവില്ലാത്തതു കൊണ്ടോ ശക്തിയില്ലാത്തതു കൊണ്ടോ അല്ല. മറിച്ച് എല്ലാവരേക്കാൾ ശക്തിയുള്ളതു കൊണ്ടാണ്. ക്രിസ്തുവാകുന്ന ശക്തി. ക്ഷമയാകുന്ന-സ്നേഹമാകുന്ന ശക്തി. പരിശുദ്ധാത്മാവ് നല്കുന്ന ശക്തി. നിങ്ങൾ എന്തു വിചാരിക്കുന്നു, ക്ഷമിക്കാനാണോ പ്രതികരിക്കാനാണോ കൂടുതൽ ശക്തി വേണ്ടത് ക്ഷമിക്കാനാണ്. കൂടാതെ ഈശോ അരുൾ ചെയ്യുന്നു. ''എന്നെ പ്രതി മനുഷ്യൻ നിങ്ങളെ അവഹേളിക്കുകയും പീഢിപ്പിക്കുകയും എല്ലാവിധ തിന്മകളും വ്യാജമായിപറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യമാന്മാർ: നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും''.(മത്താ 5:11)

യഥാർത്ഥ ക്രിസ്ത്യാനി സ്വർഗ്ഗത്തിൽ ലഭിക്കുന്ന പ്രതിഫലത്തിലാണ് കണ്ണുവച്ചിരിക്കുന്നത്. അതുകൊണ്ട് അവനെ പരാജയപ്പെടുത്താൻ ആർക്കും കഴിയില്ല. ഈ ലോകത്തിലെ സമ്പത്തിൽ കണ്ണുവച്ചിരിക്കുന്നവർക്കാണ് നഷ്ടങ്ങളുണ്ടാകുന്നത്.

അതുകൊണ്ട് പ്രിയസഹോദരി, നിനക്കു വേണ്ടി ആത്മാർത്ഥമായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഈശോയെ സ്നേഹിക്കുവാനും ഈശോയുടെ കരുണ സ്വന്തമാക്കുവാനും ആഗ്രഹിക്കുന്ന എല്ലാ സഹോദരങ്ങളോടും അഭ്യർത്ഥിക്കുന്നു. ഈ പ്രാർത്ഥനയിൽ ആത്മാർത്ഥമായി പങ്കുചേരണമെന്ന്. അങ്ങനെ നമ്മുടെ നല്ല ദൈവപിതാവിനെ സന്തോഷിപ്പിക്കാം.

ഓ, ഈശോയെ ഞങ്ങളുടെ പ്രിയപ്പെട്ട സഹോദരിയെ അങ്ങയുടെ പരിശുദ്ധ ഹൃദയത്തിൽ സമർപ്പിക്കുന്നു. ആ പരിശുദ്ധ ഹൃദയം തുറന്ന് അവിടുന്ന് ഞങ്ങൾക്കായി - ലോകം മുഴുവനുമായി ഒഴുക്കിയ കാരുണ്യത്തിന്റേയും സ്നേഹത്തിന്റേയും രക്തവും ജലവും കൊണ്ട് ഈ സഹോദരിയെ പൊതിയണമേ. അങ്ങ് കുരിശിൽ കിടന്നപ്പോൾ അങ്ങയുടെ ഹൃദയം കുത്തിതുളച്ച് പടയാളിയുടെ കണ്ണിലേയ്ക്ക് അങ്ങേ പരിശുദ്ധ ഹൃദയത്തിൽ നിന്നൊഴുകിയ രക്തത്താൽ അവന്റെ കണ്ണുകൾ തുറന്ന് കുരിശിൽ കിടന്നു കൊണ്ട് അത്ഭുതം പ്രവർത്തിച്ചല്ലോ. ഞങ്ങളുടെ ഈ പ്രിയസഹോദരിക്ക് മുറിവേറ്റിട്ടുണ്ട്. അതൊരു പക്ഷേ ഞങ്ങളുടെ സ്നേഹമില്ലാത്ത പ്രവർത്തിയാൽ ആകാം.

ണ്. അതുകൊണ്ടാണ് യഥാർത്ഥ ക്രിസ്ത്യാനികളെ മനസ്സിലാകാതെ പോയത്. ഓ ഈശോയെ അവിടുത്തെ ഹൃദയത്തിൽ നിന്നൊഴുകുന്ന പരിശുദ്ധ ഹൃദയത്താൽ അവളുടെ മുറിവിനെ ഉണക്കണമേ, അവളുടെ കണ്ണുകൾ തുറക്കണമേ അങ്ങനെ അങ്ങയുടെ അനന്തമായ കാരുണ്യവും സ്നേഹവും രക്ഷയും സ്വന്തമാക്കാൻ ഇടവരുത്തണമേ.

ഈ ഓഡിയോ ക്ലിപ്പിനോടു പ്രതികരിച്ച ഒരു ക്രിസ്ത്യാനിക്കു ചേരാത്ത വാക്കുകൾ പറഞ്ഞ സഹോദരങ്ങളോട് ഒരു വാക്ക് നിങ്ങൾ നമ്മുടെ കർത്താവിനെ മുറിപ്പെടുത്തുകയാണ് ചെയ്തത്. ക്രിസ്ത്യാനിയായതിൽ അഭിമാനിക്കുന്നുങ്കിൽ ദയവായി കർത്താവിന്റെ ഈ വചനങ്ങൾ ഓർക്കുക ''നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ, ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പര്സ്പരം സ്നേഹിക്കുവിൻ. നിങ്ങൾ പരസ്പരം സ്നേഹിക്കുമ്പോൾ നിങ്ങളെന്റെ ശിഷ്യരാണെന്ന് ലോകം അറിയും''

ക്രിസ്തുവിന്റെ അനുയായികൾ ക്രിസ്തുവിന്റെ മുഖമാണ് മറ്റുള്ളവരുടെ മുമ്പിൽ പ്രത്യേകിച്ച് ക്രിസ്തുവിനെ അറിയാത്തവരുടെ മുമ്പിൽ കാണി




ബർണാഡിന്റെ വീട് എന്നും
പ്രാർത്ഥനകളാൽ മുഖരിതമായിരുന്നു.
ആദ്യകുർബാനസ്വീകരണനാളിലും ബർണാഡ്
ദൈവവിളിയെ സമർപ്പിച്ച് തീക്ഷ്ണമായി പ്രാർത്ഥിച്ചു.
സ്ഥൈര്യലേപനം പ്രേഷിതനാകുവാൻ പ്രേരണയേകി.
സ്കൂൾ ജീവിതകാലത്തുതന്നെ പാഠപുസ്തകങ്ങളിൽനിന്ന്
ഇന്ത്യയെയും മഹാത്മജിയെപ്പറ്റിയും അറിഞ്ഞപ്പോൾ
മുതൽ ഇന്ത്യ സന്ദർശിക്കുവാനുള്ള
ആഗ്രഹം മുളയെടുത്തിരുന്നു.


1935 മെയ് 27 ന് ബർണാഡ് ദൈവത്തിന്റെ
വി. യോഹന്നാനാൽ സ്ഥാപിതമായ ഹോസ്പിറ്റലർ
സന്ന്യാസസമൂഹത്തിൽ ചേർന്നു.
കുഞ്ഞുനാൾ മുതലുള്ള ഇവന്റെ ആഗ്രഹമായിരുന്നു ഇത്.
ആഹാ. പ്രാർത്ഥിച്ചൊരുങ്ങിയ കുട്ടികളെ ഈശോയ്ക്ക് ഏറെ ഇഷ്ടമാണ്.
HOSPITALAR ORDER



# ഉപകാരസ്മരണ

എന്റെ പേര് സൗമ്യാ രാജേഷ്, ഞാൻ മുരിക്കാശ്ശേരിയിൽ നിന്നും ഡെലിവറിക്കുവേണ്ടി സെന്റ് ജോൺസ് ഹോസ്പിറ്റലിൽ വന്നതാണ്. 1/11/2016 ൽ ആയിരുന്നു ഓപ്പറേഷൻ. ഒരു മാസം നേരത്തെയാണ്. കുഞ്ഞിനു തൂക്കം കുറവും RDS ഉം ആയിരുന്നു. ആൺകുഞ്ഞാണ്. കുട്ടിയെ ICU ൽ അഡ്മിറ്റ് ചെയ്തു. വെന്റിലേറ്ററിന്റെ സഹായത്തോടെയാണ് കഴിഞ്ഞത്. വല്യച്ചനോടു പ്രാർത്ഥിച്ച് നൊവേന ചൊല്ലിയതിന്റെ ഫലമായി മൂന്നാം ദിവസം കുഞ്ഞിനെ Extubate ചെയ്യുകയും Feed start ചെയ്യുകയും ചെയ്തു. 9 -ാം ദിവസം ഡിസ്ചാർജ്ജ് ചെയ്യാമെന്ന് പറഞ്ഞെങ്കിലും തൂക്കം കൂടിയില്ല. വല്യച്ചന്റെ പടം മുത്തിക്കുകയും നൊവേന ചൊല്ലിക്കുകയും കബറിടത്തിൽ കൊണ്ടുപോയി കിടത്താം എന്ന് നേരുകയും ചെയ്തു. വൈകിട്ട് തൂക്കം നോക്കിയപ്പോൾ 10 ഗ്രാം കൂടി. പിറ്റേദിവസം 20 ഗ്രാം കൂടി. വല്യച്ചന്റെ മാദ്ധ്യസ്ഥം വഴിയായി 10 -ാം ദിവസം ഡിസ്ചാർജ്ജ് ചെയ്തു. വല്യച്ചന് ഒരായിരം നന്ദി. തുടർന്നു മാദ്ധ്യസ്ഥം അപേക്ഷിക്കുന്നു.

**സൗമ്യാ രാജേഷ്**
**പുതിയേടത്ത്**
**മുരിക്കാശ്ശേരി**
**9447383125**

എന്റെ മകന് (സോൾവിൻ ബിനോയി 14 വയസ്സ് )പെട്ടന്നുണ്ടായ ശ്വാസതടസ്സം മൂലമുണ്ടായ അസ്വസ്ഥത മാറികിട്ടുന്നതിനു വേണ്ടി ഫോർത്തുനാത്തൂസ് പിതാവിനോടു പ്രാർത്ഥിച്ചതിൻെ ഫലമായി രോഗം മാറികിട്ടിയതിനു നന്ദി.

**ബിനോയി മാത്യു**
**കാരയ്ക്കാട്ട്**
**വെള്ളാരംകുന്ന് പി.ഒ**
**കുമളി - 685535**
**9497183271**

വല്യച്ചന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിച്ചപ്പോൾ ജോലി ലഭിക്കുകയും തുടർന്ന് വീണ്ടും കൂടുതൽ മെച്ചപ്പെട്ട ജോലി ലഭിക്കുകയും ചെയ്തുവെന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡോണ മരിയ സെബാസ്റ്റ്യൻ**
**വല്ലയിൽ**
**വെള്ളയാംകുടി**
**9400574515**

എനിക്ക് എന്റെ പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും നല്ല മാർക്ക് ലഭിച്ചു. ഈ അനുഗ്രഹത്തിന് ബ്രദർ ഫോർത്തുനാത്തൂസ് അച്ചനോട് ഞാൻ എന്നും കടപ്പെട്ടിരിക്കുന്നു. അതുപോലെ ഒരായിരം നന്ദി അറിയിക്കുന്നു.


**ലക്ഷ്മി എസ്. കുമാർ**
**കൃഷ്ണവിലാസം**
**പുറ്റടി**
**7356690174**



പുതുതായി സുപ്പീരിയർ ജനറൽ സ്ഥാനത്തേയ്ക്ക് നിയമിതയായ റവ. സി.മേഴ്സി തോമസിനും,കൗൺസിലേഴ്സായി തിരഞ്ഞെടുക്കപ്പെട്ട സി. റോസിലി ജോൺ, സി. ലില്ലി ട്രീസാ, സി. ആനീസ് ജോസഫ്, സി. ജ്യോതിസ് ജെയിംസ് എന്നിവർക്കും ഓഡിറ്റർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട സി. എൽസിറ്റ് ടോമിനും സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെൻ്റ് ജോൺ ഓഫ് ഗോഡ് സഹോദരിമാരുടെ പ്രാർത്ഥനാമംഗളങ്ങൾ ....



ആറു വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം സുപ്പീരിയർ ജനറൽ സ്ഥാനത്തു നിന്നും വിരമിക്കുന്ന റവ. സി. വിമല ജോർജ്ജിനും കൗൺസിലേഴ്സ് ആയിരുന്ന സി. ലീന മരിയ, സി. നിർമ്മല കുര്യാക്കോസ്, സി. റീന മരിയ, സി. എൽസിറ്റ് ടോം എന്നിവർക്കും ഓഡിറ്റർ ജനറലായിരുന്ന സി. റോസിലി ജോണിനും സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെൻ്റ് ജോൺ ഓഫ് ഗോഡ് സഹോദരിമാരുടെ ഹൃദയം നിറഞ്ഞ നന്ദി..........


അമൈതി ഭവൻ
ഭിന്നശേഷിയുള്ള പെൺകുട്ടികൾക്കായുള്ള സ്ഥാപനം
The Director
Amaithi Bhavan (Care & Service Centre),
St John Of God Convent , FathimaNagar P.O
Sethurappatty, Trichy-12, TamilNadu(Dt)
Ph:04312906115, Mob - 08760326348